# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം
2014 ജൂൺ 26, വ്യാഴം
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ 328)

| മറുപടി നൽകുന്ന മന്ത്രിമാർ | | ചോദ്യനമ്പർ |
|---|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | 4288 മുതൽ 4411 വരെ |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : | 4412 മുതൽ 4492 വരെ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | 4493 മുതൽ 4545 വരെ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : | 4546 മുതൽ 4615 വരെ |

<u>ഓണത്തിനും ക്രിസ്തുമസ്സിനും സ്കൂൾ കുട്ടികൾക്ക് അരി വിതരണം</u>

4288 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്ക് ഓണം, ക്രിസ്തുമസ് ആഘോഷങ്ങളുമായി ബന്ധപ്പെട്ട് അരി വിതരണം ചെയ്യുന്ന സംവിധാനം നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എല്ലാ വർഷങ്ങളിലും അപ്രകാരം അരി വിതരണം ചെയ്തിട്ടുണ്ടോ;

(സി) എപ്പോഴെങ്കിലും അരി വിതരണം മുടങ്ങിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഈ അദ്ധ്യയനവർഷം അരി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ഇ) എങ്കിൽ രണ്ട് ഘട്ടങ്ങളിലുമായി വിതരണം ചെയ്യുവാൻ എത്ര അരി വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ വർഷം അരിവിതരണം ഉറപ്പാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിനായി കണ്ടെത്തിയ സ്ഥലങ്ങൾ</u>

4289 ശ്രീ. പി. റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അസാപ് പ്രകാരമുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിനായി ഏതെല്ലാം നിയോജകമണ്ഡലങ്ങളിലെ സ്ഥലങ്ങൾ പരിശോധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ വിദ്യാഭ്യാസ വകുപ്പിന്റെ കൈവശത്തിലുള്ള സ്ഥലം എവിടെയെല്ലാമാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) വിദ്യാഭ്യാസ വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) കുന്ദമംഗലം മണ്ഡലത്തിലെ വിദ്യാഭ്യാസ വകുപ്പ് വക സ്ഥലം പ്രസ്തുത ആവശ്യത്തിനായി പരിഗണിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ എ.എസ്.എ.പി അനുസരിച്ച് പദ്ധതി നടപ്പിലാക്കിയ സ്കൂളുകൾ</u>

4290 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എ.എസ്.എ.പി അനുസരിച്ച് എത്ര സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കുന്നത്;

(ബി) കോഴ്സ് പൂർത്തിയാക്കിയ കുട്ടികൾക്ക് ഇന്റേൺഷിപ്പ് നൽകിയിട്ടുണ്ടോ;

(സി) ഇതിന് ഏതെല്ലാം സ്ഥാപനങ്ങളെ/ഏജൻസികളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്;

(ഡി) കോഴ്സ് പൂർത്തീകരിച്ചതിന് ശേഷം ഇന്റേൺഷിപ്പ് ലഭിക്കാത്ത കുട്ടികൾ ബാക്കിയുണ്ടോ; എങ്കിൽ എത്ര;

(ഇ) മലപ്പുറം ജില്ലയിൽ ഏതൊക്കെ കോഴ്സുകൾ/ട്രേഡുകൾ/വിഷയങ്ങൾ ആണ് സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(എഫ്) കോഴ്സുകൾ അനുവദിച്ചിട്ടുള്ള സ്കൂളുകൾ ജില്ലയിലെ മണ്ഡലം തിരിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>പാഠപുസ്തക വിതരണം</u>

4291 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാഠപുസ്തകങ്ങൾ നാളിതുവരെ സ്കൂളുകളിൽ വിതരണം ചെയ്തിട്ടില്ലെന്ന പത്രമാദ്ധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ വർഷം ആരംഭിച്ച് ദിവസങ്ങൾ കഴിഞ്ഞിട്ടും പാഠപുസ്തകങ്ങൾ വിതരണം ചെയ്യാൻ കഴിയാതെ പോയതിന്റെ കാരണം വിശദമാക്കുമോ;

(സി) വരും വർഷങ്ങളിൽ ഇത്തരം നടപടികൾ ആവർത്തിയ്ക്കാതിരിക്കുവാൻ നടപടി സ്വീകരിയ്ക്കുമോ;

(ഡി) ഇപ്രകാരം പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>പാഠ പുസ്തകങ്ങളുടെ അച്ചടിയും വിതരണവും</u>

4292 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
'' പി. റ്റി. എ. റഹീം
'' കെ. വി. വിജയദാസ്
'' എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാഠപുസ്തകങ്ങളുടെ അച്ചടിയിലും വിതരണത്തിലും അപാകത ഉണ്ടായതായി ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻ വർഷങ്ങളിൽ അച്ചടിച്ച് വിതരണത്തിനായി സൂക്ഷിച്ചിരുന്ന പുസ്തകങ്ങൾ ലഭ്യമാക്കുന്നതിന് തടസ്സങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) രണ്ടാംഘട്ട പുസ്തകത്തിന്റെ അച്ചടിജോലികൾ ആരംഭിച്ചിട്ടുണ്ടോ; ഇത് എന്ന് പൂർത്തിയാകും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ പാഠപുസ്തക വിതരണം</u>

4293 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014-15 അദ്ധ്യയന വർഷം ആരംഭിച്ച് കഴിഞ്ഞിട്ടും വിദ്യാലയങ്ങളിൽ പാഠപുസ്തകങ്ങൾ എത്താതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പാഠപുസ്തകങ്ങൾ പൂർണ്ണമായും എന്നത്തേയ്ക്ക് വിദ്യാലയങ്ങളിൽ എത്തിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും</u>

4294 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 അദ്ധ്യയനവർഷത്തിൽ എത്ര പുസ്തകങ്ങളാണ് അച്ചടിച്ചത്; ആയതിൽ എത്രയെണ്ണം കുട്ടികൾക്ക് വിതരണം ചെയ്തു ; എത്രയെണ്ണം വിതരണം ചെയ്യാത്തതായിട്ടുണ്ട്;

(ബി) വിദ്യാഭ്യാസ വകുപ്പ് പുസ്തകം അച്ചടിക്കുമ്പോൾ ഏതൊക്കെ സ്ഥാപനങ്ങളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത സ്ഥാപനങ്ങൾക്ക് 2013-14 അധ്യയന വർഷം എത്ര തുക നൽകി; വ്യക്തമാക്കുമോ;

(സി) 2014-15 അദ്ധ്യയനവർഷം ഒന്നാംഘട്ട വിതരണത്തിനായി എത്ര പുസ്തകങ്ങൾ അച്ചടിച്ചു ; ആയതിന് ചെലവായ തുക എത്ര; ഏതൊക്കെ സ്ഥാപനങ്ങളിലാണ് അച്ചടിച്ചത്;

(ഡി) സംസ്ഥാനത്തെ ഒട്ടുമിക്ക സ്കൂളുകൾക്കും നാളിതുവരെ ഒന്നാംഘട്ട വിതരണത്തിനുള്ള പുസ്തകങ്ങൾ കിട്ടിയില്ലെന്നുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ :

(ഇ) രണ്ടാം ഘട്ട വിതരണത്തിനായി നവംബറിൽ സ്കൂളുകൾക്ക് നൽകാൻ എത്ര പുസ്തകങ്ങൾ അച്ചടിക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിന് ചെലവു വരുന്ന തുക എത്ര; വ്യക്തമാക്കുമോ;

(എഫ്) രണ്ടാം ഘട്ട വിതരണത്തിനുള്ള പുസ്തകം അച്ചടിക്കാൻ ആവശ്യമായ കടലാസ് പോലും ഇല്ലെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>പാഠപുസ്തകങ്ങളുടെ ഗുണമേന്മ</u>

4295 ശ്രീ. ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾതലത്തിൽ ഏത് ക്ലാസ് വരെയാണ് പാഠപുസ്തകങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നത്;

(ബി) സ്കൂളുകളിൽ വിതരണം ചെയ്ത പാഠപുസ്തകങ്ങളിൽപ്രത്യേകിച്ച് 8-ാം ക്ലാസിലെ പുസ്തകങ്ങൾ തീരെ ഗുണനിലവാരം കുറഞ്ഞതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അച്ചടി, കടലാസിന്റെ ഗുണനിലവാരം, ചിത്രങ്ങളുടെ അച്ചടിയും ക്രമീകരണവും എന്നിവ വളരെ താഴ്ന്ന നിലവാരത്തിലാണെന്ന ആക്ഷേപത്തിന് പരിഹാര നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പാഠപുസ്തകങ്ങൾ കേരളത്തിലെ അച്ചടിശാലകളിൽത്തന്നെ അച്ചടിച്ചവയാണോ; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>സൗജന്യ യൂണിഫോം വിതരണം</u>

4296 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, വി. ചെന്താമരാക്ഷൻ
,, ജെയിംസ് മാത്യു
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളുടെ സൗജന്യയൂണിഫോമിനായി മുൻ ബജറ്റിൽ വേണ്ടത്ര തുക ചെലവഴിക്കാൻ സാധിക്കാത്തതിനാൽ ഈ വർഷം ഈ ആവശ്യത്തിന് ബജറ്റിൽ തുക വകയിരുത്താൻ സാധിക്കാത്ത അവസ്ഥയുണ്ടോ;

(ബി) എങ്കിൽ ഈ അദ്ധ്യയന വർഷം പദ്ധതി നടത്തിപ്പിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>വിദ്യാലയങ്ങളിൽ സ്കിൽഡ് പാർക്കുകൾ</u>

4297 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ സ്കിൽഡ് പാർക്കുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ബി) സ്കിൽഡ് പാർക്കുകൾ വഴി എന്തെല്ലാം കാര്യങ്ങളാണ് വിദ്യാലയങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സ്കിൽഡ് പാർക്കുകൾ വഴി സർക്കാർ ലക്ഷ്യമിടുന്ന കാര്യങ്ങൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ലബ്ബ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ</u>

4298 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി.റ്റി. ബൽറാം
,, എ.റ്റി. ജോർജ്
,, വി.പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലബ്ബ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത ശുപാർശകൾ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിലെ എന്തെല്ലാം ശുപാർശകളാണ് നടപ്പ് അദ്ധ്യയനവർഷം മുതൽ നടപ്പാക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ സൗകര്യം മെച്ചപ്പെടുത്തൽ

4299 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ക്ലാസ്സ് മുറികളിലെ സൗകര്യമില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഒരു ക്ലാസ്സ് മുറിയിൽ ഏറ്റവും കുറഞ്ഞത് മൂന്ന് ഫാനുകളെങ്കിലും സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ കുടിവെള്ളം, മൂത്രപ്പുര, എന്നിവയുടെ ശുചിത്വം യഥാസമയങ്ങളിൽ പരിശോധിച്ച് ഉറപ്പുവരുത്താറുണ്ടോ; ഇല്ലെങ്കിൽ ആയത് കുറ്റമറ്റ രീതിയിൽ നടപ്പാക്കുവാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സമഗ്ര വിദ്യാഭ്യാസ പദ്ധതി</u>

4300 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ മാർഗ്ഗരേഖ തയ്യാറാക്കുന്നതിലെ കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എത്രയും വേഗം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

വ്യത്യസ്ത വിദ്യാഭ്യാസ സ്കീമുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

4301 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ നിയോജക മണ്ഡലങ്ങളിൽ നടപ്പാക്കിയ വ്യത്യസ്ത വിദ്യാഭ്യാസ പദ്ധതികൾ ഏതെല്ലാം;

(ബി) ഓരോ പദ്ധതിയിലും ഇതുവരെ നടപ്പാക്കിയ വ്യത്യസ്ത പരിപാടികൾ, പരിപാടികളുടെ ആസൂത്രണം, സംഘാടനം തുടങ്ങിയ വിശദമായ ഘടകങ്ങൾ വിശദമാക്കി ഡി.പി.ആർ. - ന്റെ പകർപ്പുകൾ ലഭ്യമാക്കിക്കൊണ്ട് വിശദമാക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സമഗ്രമാതൃഭാഷാനിയമം</u>

4302 ശ്രീ. എ.കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മലയാള ഭാഷാ പഠനം നിർബന്ധമായും നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇക്കാര്യത്തിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സ്വാശ്രയ വിദ്യാഭ്യാസസ്ഥാപനങ്ങൾ പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിന് എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ;

(സി) ചില ഉന്നത ഉദ്യോഗസ്ഥർ മലയാള ഭാഷാ പഠനത്തിൽ തടസ്സം നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

സർക്കാർ സ്കൂളിൽ അടിസ്ഥാനസൗകര്യമൊരുക്കൽ

4303 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യമില്ലാത്ത സർക്കാർ സ്കൂളുകളിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>മധ്യവേനലവധിക്കാലത്തെ ക്ലാസ്സുകൾ</u>

4304 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മധ്യവേനലവധിക്കാലത്തു പല സ്കൂളുകളും വിവിധ പേരുകളിൽ ക്ലാസ്സുകൾ നടത്തുന്നതുമൂലം വിദ്യാർത്ഥികൾക്ക് അവധിക്കാലം അന്യമാകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടികളുടെ മാനസിക ഉല്ലാസത്തിന് സമയം ലഭിക്കുന്നതിനായി മധ്യവേനലവധിക്കാലത്ത് സ്കൂളുകളിൽ പ്രത്യേക ക്ലാസ്സുകൾ നടത്തരുമെന്ന് കർശന നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സർക്കാർ സ്കൂളുകളിൽ ഗണിതശാസ്ത്ര ലബോറട്ടറികൾ</u>

4305 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ ഗണിതശാസ്ത്ര ലബോറട്ടറികൾ സ്ഥാപിക്കുന്നതിനായി സർവ്വശിക്ഷാ അഭിയാൻ നടപ്പിലാക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതിയിൽ കേസുകൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതു സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

എസ്.എസ്.എ. പദ്ധതി നിർവ്വഹണം

4306 ശ്രീ. ബി. സത്യൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, സി. കൃഷ്ണൻ
ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എ. പദ്ധതി നിർവ്വഹണം സംബന്ധിച്ച പഠനത്തിനായി ഉദ്യോഗസ്ഥർ അന്യ സംസ്ഥാന യാത്രകൾ നടത്തിയിട്ടുണ്ടോ;എങ്കിൽ എത്ര തവണ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത യാത്രകൾ ചട്ടപ്രകാരമായിരുന്നോ; ഇതിനായി എസ്.എസ്.എ. ഫണ്ടിൽ നിന്നും എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് പ്രസ്തുത ഫണ്ടിൽ നിന്നും ഉപകരണങ്ങൾ വാങ്ങി നൽകിയിരുന്നോ;

(ഡി) ഇത് പർച്ചേയ്സ് റൂൾ അനുസരിച്ചായിരുന്നോ; ടെണ്ടർ നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

എസ്.എസ്.എ. വഴി നടത്തുന്ന പ്രവൃത്തികൾ, പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച ആക്ഷേപം

4307 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തിൽ സർവ്വശിക്ഷാ അഭിയാൻ വഴി സംസ്ഥാനത്ത് എത്ര കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പിലാക്കി; ഏതെല്ലാം കാര്യങ്ങൾക്കാണ് തുക ചെലവഴിച്ചത്; ജില്ലാടിസ്ഥാനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം നൽകാമോ;

(ബി) 2013-14 വർഷം നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമായിരുന്നു; ആയത് ഏതെല്ലാം രീതിയിൽ പരിഹരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>എസ്.എസ്.എ. പദ്ധതിയുടെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ</u>

4308 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈസർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എസ്.എസ്.എ. പദ്ധതിയുടെ ഭാഗമായി എന്തെല്ലാം നിർമ്മാണ പ്രവൃത്തികൾ നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത് എന്തെല്ലാമാണെന്നും ഓരോന്നിനും അനുവദിച്ച തുക എത്രയാണെന്നും പ്രത്യേകം വിശദമാക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സ്കുളുകൾക്ക് അഞ്ചു പോയിന്റ് ഗ്രേഡിംഗ്</u>

4309 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകൾക്ക് അഞ്ച് പോയിന്റ് ഗ്രേഡിംഗ് നിലവിൽ വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഗ്രേഡിംഗ് നടത്തുക എന്ന് വ്യക്തമാക്കുമോ;

(സി) ഗ്രേഡിഗ് നടത്തുന്നതിന്റെ ഉദ്ദേശ്യവും ലക്ഷ്യങ്ങളും എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ഡി) ഗ്രേഡിംഗ് നിലവിൽ വന്നിട്ടില്ലെങ്കിൽ എന്നു മുതൽ ആയത് നിലവിൽ വരും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>മലയാളം പഠന മാധ്യമമായുള്ള കുട്ടികള്‍ക്കുള്ള പ്രോത്സാഹനം</u>

4310 ശ്രീ. കെ.വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിദ്യാലയങ്ങളില്‍ മലയാളം മാധ്യമത്തില്‍ പഠിക്കുന്ന കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറയുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തില്‍ സര്‍ക്കാരിന്റെ സമീപനം വ്യക്തമാക്കാമോ;

(സി) മലയാളം പഠനമാധ്യമമായി തെരഞ്ഞെടുക്കുന്ന വിദ്യാര്‍ത്ഥികള്‍ക്ക് പ്രോത്സാഹനം നല്കുന്നതിനുള്ള നടപടികള്‍ പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

അഖിലേന്ത്യാ മത്സരപരീക്ഷകൾക്ക് പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ

4311 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഖിലേന്ത്യാ തലത്തിലുള്ള മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ എന്തെല്ലാം സ്ഥാപനങ്ങളാണ് സംസ്ഥാനത്തുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനങ്ങളിൽ ഏതെല്ലാം മത്സരപരീക്ഷകൾക്കാണ് പരിശീലനം നൽകുന്നതെന്നും എത്രയാണ് പരിശീലന കാലയളവെന്നും വിശദമാക്കുമോ:

(സി) ഓരോ പരിശീലന പരിപാടിക്കും ചേരുന്നതിന് എന്തെല്ലാം യോഗ്യതകളാണ് ആവശ്യമെന്നും അപേക്ഷ നൽകേണ്ടത് എങ്ങനെയാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>പ്രീ പ്രൈമറി പഠനത്തിന് ഏകീകൃത പാഠ്യപദ്ധതിയും പൊതുമാനദണ്ഡങ്ങളും</u>

4312 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രീ പ്രൈമറി പഠനത്തിന് ഏകീകൃത പാഠ്യപദ്ധതിയും പൊതുമനദണ്ഡങ്ങളും രൂപപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ സംസ്ഥാനത്ത് ഇപ്പോൾ പ്രീ പ്രൈമറി പഠനത്തിന് രൂപപ്പെടുത്തിയിട്ടുള്ള പാഠ്യപദ്ധതി പൊതുമാനദണ്ഡം എന്നിവ ഏത് അടിസ്ഥാനത്തിലുള്ളതാണന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>സ്പെഷ്യൽ സ്കൂളുകളിൽ കമ്പ്യൂട്ടർ അധിഷ്ഠിത പാഠ്യപദ്ധതി</u>

4313 ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ
,, സണ്ണി ജോസഫ്
,, പി. എ. മാധവൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളിൽ കമ്പ്യൂട്ടർ അധിഷ്ഠിത പാഠ്യപദ്ധതിക്ക് രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പാഠ്യപദ്ധതിയിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതിക്ക് എവിടെനിന്നാണ് സാങ്കേതിക സഹായം ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി ഏത് അദ്ധ്യയന വർഷം മുതലാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നല്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ഐ. ടി. അറ്റ് സ്കൂളിനു കീഴിലുള്ള വിദ്യാഭ്യാസ ചാനൽ</u>

4314 ശ്രീ. ജോസഫ് വാഴക്കൻ
,, വർക്കല കഹാർ
,, വി. ഡി. സതീശൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ. ടി. അറ്റ് സ്കൂളിനു കീഴിൽ വിദ്യാഭ്യാസ ചാനൽ പ്രവൃത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം വിദ്യാഭ്യാസ പ്രവർത്തനങ്ങളാണ് പ്രസ്തുത ചാനൽ വഴി നടത്തിവരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത ചാനലിനെ രാജ്യത്തെ മികച്ച വിദ്യാഭ്യാസ ചാനലായി ഉയർത്തുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) അതിനായി മികവുറ്റ പരിപാടികളും അത്യാധുനിക സൗകര്യങ്ങളും ഒരുക്കുന്നതിന് എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സ്കൂളുകളിൽ എം.എൽ.എ. മാരുടെ പ്രത്യേക വികസന ഫണ്ടുപയോഗിച്ച് കമ്പ്യൂട്ടറുകൾ</u>

4315 ശ്രീ. കെ.കെ.ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ പ്രത്യേക വികസന ഫണ്ട് പ്രയോജനപ്പെടുത്തി സ്കൂളുകൾക്ക് കമ്പ്യൂട്ടറുകൾ വാങ്ങാൻ പണം അനുവദിച്ചുവെങ്കിലും അദ്ധ്യയനവർഷം കഴിഞ്ഞാലും കമ്പ്യൂട്ടറുകൾ ലഭ്യമാകുന്നില്ല എന്നകാര്യം പരിശോധിക്കുമോ;

(ബി) അപ്രകാരം കമ്പ്യൂട്ടറുകൾ വിതരണം നടത്തുന്നതിൽ അലംഭാവം കാട്ടുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;

(സി) സ്കൂളുകളിൽ അടിയന്തരമായി കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഇങ്ങനെയുള്ള കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

സ്വകാര്യമാനേജ്മെന്റ് സ്കൂളുകളിലെ പ്രത്യേക പ്രവേശന പരീക്ഷ

4316 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പ്രവേശനത്തിന് സ്വകാര്യ മാനേജ്മെന്റുകൾ പ്രത്യേകം പ്രവേശന പരീക്ഷകൾ നടത്തുന്നു എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് കർശനമായി നിരോധിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നു വ്യക്തമാക്കാമോ;

(സി) അതിനായി പ്രത്യേകം മോണിറ്ററിംഗ് ആന്റ് വിജിലൻസ് സെൽ രൂപീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം

4317 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) അൺ എയ്ഡഡ് മേഖലയിൽ മേൽസൂചിപ്പിച്ച വർഷങ്ങളിൽ ഒന്നാം ക്ലാസിൽ എത്ര വിദ്യാർത്ഥികൾ പ്രവേശനം നേടിയെന്നും വെളിപ്പെടുത്തുമോ;

(സി) പൊതുവിദ്യാലയങ്ങളിൽ കുട്ടികൾ കുറയുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കുട്ടികൾ കുറയുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഇ) കുട്ടികൾ കുറഞ്ഞതിന്റെ ഭാഗമായി എത്ര സ്കൂളുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അടച്ചുപൂട്ടിയിട്ടുണ്ട്; അടച്ചുപൂട്ടിയ സ്കൂളുകളുടെ പേര് വിവരം ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(എഫ്) കുട്ടികൾ കുറയുന്നതിന്റെ ഭാഗമായി അദ്ധ്യാപകരുടെ ജോലി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സർക്കാർ, എയ്ഡഡ് എൽ.പി/യു.പി/എച്ച്.എസ്. സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിലെ വർദ്ധനവ്</u>

4318 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം എൽ.പി., യു.പി., എച്ച്.എസ്. വിഭാഗങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായ സ്കൂളുകൾ എത്രയാണ്; സർക്കാർ, എയ്ഡഡ്, ജില്ല തിരിച്ച് വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ പുതിയ ഡിവിഷൻ, പുതിയ തസ്തിക എന്നിവ സൃഷ്ടിക്കത്തക്ക വിധം എത്ര സ്കൂളുകളിൽ കുട്ടികളുടെ വർദ്ധനയുണ്ടായിട്ടുണ്ട്;

(സി) പ്രസ്തുത സ്കൂളുകളിൽ പുതിയ തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; അധ്യാപക ക്ഷാമം പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ;

(ഡി) ചില സർക്കാർ, എയ്ഡഡ് സ്കൂളുകളിലെങ്കിലും കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധനവിന്റെ കാരണമെന്തെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>ലോവർ പ്രൈമറി തലം മുതൽ ഹിന്ദി പഠിപ്പിക്കാൻ നടപടി</u>

4319 ശ്രീ. എ.എ. അസീസ്
'' കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്ര ഭാഷയായ ഹിന്ദി സി.ബി.എസ്.സി./ഐ.സി.എസ്.സി. സ്കൂളുകളിൽ ഒന്നാം ക്ലാസ് മുതൽ പഠിപ്പിക്കുമ്പോൾ സർക്കാർ സിലബസ് ഉള്ള സ്കൂളുകളിൽ 5-ാം ക്ലാസ് മുതലാണ് പഠിപ്പിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒന്നാം ക്ലാസ് മുതൽ ഹിന്ദി പഠിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഒന്നാം ക്ലാസ് മുതൽ സംസ്കൃതം, അറബി എന്നീ വിഷയങ്ങൾ പഠിപ്പിക്കാൻ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

ആലപ്പുഴ, ചേർത്തല സ്കൂളുകളിൽ എസ്സ്. എസ്സ്. എ. ഫണ്ട് ഉപയോഗിച്ചുള്ള നവീകരണം

4320 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ എസ്സ്. എസ്സ്.എ. ഫണ്ട് വിനിയോഗിച്ച് സ്കൂൾ നവീകരണം നടത്തുന്നതിന് 2013-14 കാലയളവിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) 2013-ൽ സ്കൂളുകളുടെ നവീകരണത്തിന് വിനിയോഗിക്കേണ്ട തുക പൂർണ്ണമായും ചെലവഴിക്കപ്പെട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2013-14 കാലയളവിൽ ചേർത്തലയിൽ വിനിയോഗിക്കപ്പെട്ട എസ്സ്. എസ്സ്. എ. ഫണ്ട് എത്രയായിരുന്നുവെന്നും അതുപയോഗിച്ച് ചെയ്ത ജോലികൾ എന്തെല്ലാമായിരുന്നുവെന്നും ഏതെല്ലാം സ്കൂളുകളിലാണ് ജോലികൾ ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സര്‍വ്വശിക്ഷാ അഭിയാന്റെ കീഴിലുള്ള റിസോഴ്സ് അധ്യാപകര്‍</u>

4321 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍വ്വശിക്ഷാ അഭിയാന്റെ കീഴില്‍ സംസ്ഥാനത്തെ വിവിധ ബി.ആര്‍.സി. കളില്‍ പ്രത്യേക പരിഗണന അര്‍ഹിക്കുന്ന കുട്ടികളെ പഠിപ്പിക്കുന്നതിനായി എത്ര റിസോഴ്സ് അധ്യാപകരാണിപ്പോള്‍ ജോലി ചെയ്തുവരുന്നത്;

(ബി) ജില്ല തിരിച്ചുള്ള കണക്കുകള്‍ വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാരെ കരാര്‍ അടിസ്ഥാനത്തിലാണോ നിയമിക്കുന്നത്; നടപ്പ് അധ്യയനവര്‍ഷം ഇവരെ നിയമിച്ചിട്ടുണ്ടോ ;

(ഡി) ബി.ആര്‍.സി.കളിലെ മറ്റു ജീവനക്കാരെ ഏപ്രില്‍മുതല്‍ കരാര്‍ അടിസ്ഥാനത്തില്‍ നിയമിച്ചപ്പോഴും അതേ ഓഫീസില്‍ ജോലി ചെയ്യുന്ന റിസോഴ്സ് അധ്യാപകരെ മാത്രം മെയ് 2 മുതല്‍ നിയമിച്ചിട്ടുള്ള സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കില്‍ അതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>എസ്.എസ്.എ. പദ്ധതിയുടെ ഭാഗമായുള്ള</u>
<u>വര്‍ക്ക് ഷീറ്റുകളും മൊഡ്യൂളുകളും വര്‍ക്ക്കിറ്റുകളും</u>

4322 ശ്രീ. കെ.കെ നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എസ്.എസ്.എ. പദ്ധതിയുടെ ഭാഗമായി വര്‍ക്ക് ഷീറ്റുകളും മൊഡ്യൂളുകളും പാഠപുസ്തകവുമായി ബന്ധപ്പെട്ട വര്‍ക്ക് കിറ്റുകളും സംസ്ഥാനത്ത് എവിടെയെല്ലാം കെട്ടികിടക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത് അച്ചടിച്ച് ബ്ലോക്ക് റിസോഴ്സ് കേന്ദ്രങ്ങളില്‍ എത്തിക്കുന്നതിന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ മാര്‍ച്ച് മാസത്തിന് ശേഷം ഇത്തരം സാധനങ്ങള്‍ വല്ലതും നശിപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കില്‍ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>ആർ. എം. എസ്. എ സ്കൂളുകളിലെ അദ്ധ്യാപക നിയന്ത്രണം</u>

4323 ശ്രീ.എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ഉൾപ്പെടെ സംസ്ഥാനത്തെ നാലു പിന്നോക്ക ജില്ലകളിൽ രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാനിൽപ്പെടുത്തി അപ്ഗ്രേഡ് ചെയ്ത 60 സ്കൂളുകളിൽ ഇംഗ്ലീഷ് അധ്യാപക തസ്തിക ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ആർ. എം.എസ്.എ. സ്കൂളുകളിലെ അധ്യാപകരുടെ എണ്ണം നിയന്ത്രിച്ചുകൊണ്ട് കേന്ദ്രസർക്കാർ പുതിയ ഉത്തരവ് പുറപ്പെടുവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുമൂലം ജോലി നഷ്ടപ്പെടുന്ന അധ്യാപകരുടെയും വിദ്യാഭ്യാസം തുടരാൻ കഴിയാതെയും വരുന്ന വിദ്യാർത്ഥികളുടെയും കാര്യത്തിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(സി) ഒന്നിൽ കൂടുതൽ ഭാഷാധ്യാപകർ ആർ. എം.എസ്.എ സ്കൂളുകളിൽ പാടില്ല എന്ന കേന്ദ്ര സർക്കാറിന്റെ ഉത്തരവ് ഒന്നിൽ കൂടുതൽ ഭാഷകൾ അനിവാര്യമായും പഠിക്കേണ്ട ഭാഷാ ന്യൂനപക്ഷങ്ങളിലെ വിദ്യാർത്ഥികളെ പ്രതിസന്ധിയിലാക്കിയിട്ടുളളതിനാൽ ഇക്കാര്യത്തിൽ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>കെ. എം. സീതിസാഹിബിനെക്കുറിച്ചുള്ള പാഠം</u>

4324 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

1960-61 കാലത്ത് കേരള നിയമസഭാ സ്പീക്കറും മദ്രാസ് നിയമസഭാംഗവും വിദ്യാഭ്യാസ വിചക്ഷണനും നവോത്ഥാനനായകനും സ്വാതന്ത്ര്യസമര സേനാനിയും ഗ്രന്ഥകാരനും പത്രാധിപരും വാഗ്മിയുമായിരുന്ന കെ. എം. സീതിസാഹിബിനെക്കുറിച്ച് ഹൈസ്കൂൾ ക്ലാസ്സിലെ സോഷ്യൽ സയൻസ് പുസ്തകത്തിൽ ഉൾപ്പെടുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

**"പടപ്പാട്ടുകൾ പാടിപ്പറയുക" എന്ന പാരമ്പര്യ കലാരൂപം കലോത്സവത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി**

4325 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്കൂൾ കലോത്സവത്തിൽ "പടപ്പാട്ടുകൾ പാടിപ്പറയുക" എന്ന പാരമ്പര്യ കലാരൂപം ഒരു മത്സര ഇനമായി ഉൾപ്പെടുത്തണമെന്ന ആവശ്യം ഉന്നയിച്ചുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആവശ്യത്തിന്മേൽ അനുകൂല തീരുമാനം ഉണ്ടാകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>സർക്കാർ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്ന</u>
<u>വാടക കെട്ടിടങ്ങളും സ്ഥലങ്ങളും</u>

4326 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്ന വാടക കെട്ടിടങ്ങളും സ്ഥലങ്ങളും വിലയ്ക്ക് വാങ്ങാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിലെ ഇരുവള്ളൂർ ഗവൺമെന്റ് യു.പി സ്കൂൾളിലെ ടോയ്ലറ്റ്, സ്റ്റേജ്, പാചകപ്പുര, ഗ്രൗണ്ട് തുടങ്ങിയവ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിൽപ്പെട്ട സ്ഥലത്താണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെട്ടിടവും സ്ഥലവും ഗവൺമെന്റിന് ന്യായവിലയ്ക്ക് നൽകാൻ തയ്യാറാണെന്ന കെട്ടിടമുടമയുടെ സാക്ഷ്യപത്രം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ലഭിച്ചിട്ടുണ്ടെങ്കിൽ ഈ സർക്കാർ വിദ്യാലയത്തിന് അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന് പ്രസ്തുത സ്ഥലം ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സ്കൂളിൽ കുട്ടികൾ നേരിടുന്ന പീഡനങ്ങൾ</u>

4327 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കുട്ടികൾ അധ്യാപകരാലും സഹപാഠികളാലും മാനസികവും ശാരീരികവുമായി പീഡിപ്പിക്കപ്പെടുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിൽ ലഭിച്ച പരാതികൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇത്തരം പരാതികൾ കൈകാര്യം ചെയ്യുവാൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഇപ്രകാരമുള്ള പീഡനങ്ങൾക്കെതിരെ ബോധവൽക്കരണ പരിപാടികൾ നടത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

നെയ്യാറ്റിൻകര മിനി സിവിൽ സ്റ്റേഷൻ സ്ഥിതിചെയ്യുന്ന ഭൂമി

4328 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മിനി സിവിൽ സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന ഭൂമി വിദ്യാഭ്യാസ വകുപ്പിന്റേതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥലത്ത് നടക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾക്ക് വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) അംഗീകാരം നൽകിയിട്ടില്ലെങ്കിൽ ഇപ്പോഴുള്ള അനധികൃത നിർമ്മാണങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>സ്കൂൾ പരിസരങ്ങളിൽ നിരോധിത പുകയില ഉല്പന്നങ്ങളുടെ വില്പന</u>

4329 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പരിസരങ്ങളിൽ നിരോധിത പുകയില ഉത്പന്നങ്ങളുടെ വിൽപ്പന ഇപ്പോഴും പല സ്ഥലങ്ങളിലും നടന്നു വരുന്നതായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പ്രവൃത്തികൾ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനായി എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതി

4330 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങി ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കും സംരക്ഷണത്തിനുമായി ഈ സർക്കാർ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഭിന്ന ശേഷിയുള്ള കുട്ടികളെ എപ്രകാരം പഠിപ്പിക്കണമെന്നാണ് സംയോജിത വിദ്യാഭ്യാസ പദ്ധതി നിഷ്കർഷിച്ചിട്ടുളളത്;

(സി) ഭിന്ന ശേഷിയുള്ള കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനെപ്പറ്റി പഠിക്കാൻ സർക്കാർ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; പ്രസ്തുത കമ്മീഷനിൽ ചെയർമാൻ ഉൾപ്പെടെ ആരൊക്കെയാണ് പ്രവർത്തിച്ചിരുന്നത്; വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കമ്മീഷന്റെ നിർദ്ദേശപ്രകാരമാണോ സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നത്; പ്രസ്തുത കമ്മീഷൻ ചെയർമാൻ തന്നെ ഒരു സ്പെഷ്യൽ സ്കൂളിന്റെ ഉടമയാണ് എന്നുളള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ഭിന്ന ശേഷിയുള്ള കുട്ടികളുടെ പഠനത്തിൽ വിവേചനം കാട്ടാതിരിക്കുവാനും സർക്കാർ സ്കൂളുകളിൽ ഇവർക്കായി പ്രത്യേകം പഠന-പരിശീലന - ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തി ഇവരെയും മുഖ്യധാരയിൽ കൊണ്ടുവരുവാനും എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>ശ്രവണ - കാഴ്ച - സംസാരവൈകല്യമുള്ള കുട്ടികൾക്ക് ഉപകരണ വിതരണം</u>

4331 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 അദ്ധ്യായന വർഷത്തിൽ ഐ. ഇ. ഡി.സി. മേഖലയിൽ ശ്രവണ - കാഴ്ച - സംസാര - വൈകല്യമുള്ള കുട്ടികൾക്ക് ഉപകരണവിതരണം നടത്താനായി സർവ്വ ശിക്ഷാ അഭിയാൻ ഡയറക്ടർ, സീമെൻസ് എന്ന വിദേശ കമ്പനിയിൽ നിന്ന് ശ്രവണ സഹായി വാങ്ങാൻ നിർദ്ദേശം നൽകിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് ക്രമവിരുദ്ധമാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇപ്രകാരം ക്രമവിരുദ്ധമായ പ്രസ്തുത നടപടി സ്വീകരിച്ച പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

ബുദ്ധിവൈകല്യമുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ

4332 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബുദ്ധിവൈകല്യമുള്ള വിദ്യാർത്ഥികൾക്കുള്ള ഐ. ഇ. ഡി. സ്കോളർഷിപ്പ്, വിദ്യാർത്ഥികൾക്ക് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ;

(ബി) പ്രസ്തുത സ്കോളർഷിപ്പ് ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിദ്യാർത്ഥികൾക്ക് എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതിൽ വീഴ്ചയുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സ്പെക്ട്രം സ്പെഷ്യൽ സ്കൂളിലുള്ള ജീവനക്കാരുടെ ശമ്പളം</u>

4333 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ മാറാഞ്ചേരി പരിച്ചകത്ത് പ്രവർത്തിക്കുന്നതും വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ളതുമായ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കുള്ള സ്പെക്ട്രം സ്പെഷ്യൽ സ്കൂളിലുള്ള 10 വർഷത്തിലധികമായി ജോലി ചെയ്യുന്ന ആയമാർക്കും ടീച്ചർമാർക്കും നിലവിൽ കൊടുക്കുന്ന ശമ്പളം/ഓണറേറിയം എത്രയാണെന്ന് വിശദമാക്കാമോ;

(ബി) ഇവർക്ക് ലഭിക്കുന്ന ശമ്പളം വളരെ തുച്ഛമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവരുടെ ശമ്പളം പുതുക്കിനിശ്ചയിക്കുന്നതിനോ, ഇവരെ സ്ഥിരപ്പെടുത്തി സർക്കാർ വേതനം നൽകുന്നതിനോ നടപടിയെടുക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

അൺ എയ്ഡഡ് സ്കൂളുകൾക്ക് എയ്ഡഡ് പദവി

4334 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയിട്ടുണ്ട്; ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ മേൽവിലാസം സഹിതം വിശദവിവരം നൽകുമോ; ഇപ്രകാരം എയ്ഡഡ് പദവി നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>അൺ എയിഡഡ് സ്കൂളുകളുടെ അംഗീകാരം</u>

4335 ശ്രീ. സി.എഫ്. തോമസ്
'' റ്റി.യു. കുരുവിള
'' മോൻസ് ജോസഫ്
'' തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയിഡഡ് - സർക്കാർ സ്കൂളുകളെ സംരക്ഷിക്കുന്നതോടൊപ്പം ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി അർഹതപ്പെട്ട പ്രദേശങ്ങളിൽ ദീർഘനാളായി സ്തുത്യർഹമായി പ്രവർത്തിച്ചുവരുന്ന അംഗീകാരമില്ലാത്ത അൺഎയിഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) കേരളത്തിലെ അൺ എയിഡഡ് മേഖലയിൽ ഉൾപ്പെടെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ യു. പി. സ്കൂളുകളുടെ അപര്യാപ്തത</u>

4336 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ യു. പി. സ്കുളുകളുടെ അപര്യാപ്തത മൂലം വിദ്യാർത്ഥികളും രക്ഷിതാക്കളും നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(സി) മലപ്പുറം ജില്ലയിലെ നിലവിലുള്ള എൽ. പി. സ്കൂളുകളിൽ മാനദണ്ഡപ്രകാരം അർഹമായവയെ യു. പി. സ്കൂളായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>കാട്ടാമ്പള്ളി ഗവൺമെന്റ് യു.പി. സ്കൂൾ ഹൈസ്കൂൾളായി അപ്ഗ്രേഡ് ചെയ്യൽ</u>

4337 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, കാട്ടാമ്പള്ളി ഗവൺമെന്റ് യു.പി. സ്കൂൾ ഹൈസ്ക്കൂൾ ആയി അപ്ഗ്രേഡ് ചെയ്യുന്നതിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ടി സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) 2014-15 അദ്ധ്യയനവർഷം തന്നെ സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടികൾ പൂർത്തിയാക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ഇരിട്ടി വിദ്യാഭ്യാസ ഉപജില്ലാ വിഭജനം</u>

4338 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇരിട്ടി വിദ്യാഭ്യാസ ഉപജില്ല വിഭജിച്ച് പേരാവൂർ ആസ്ഥാനമായി പുതിയ വിദ്യാഭ്യാസ ഉപജില്ല രൂപീകരിക്കുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനാവശ്യമായ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇത്തരത്തിൽ വിദ്യാഭ്യാസ ഉപജില്ലകളെ വിഭജിച്ച് പുതിയ ഉപജില്ല രൂപീകരിക്കുന്നതിന് സ്കൂളുകളുടെ എണ്ണം, വിസ്തൃതി, കുട്ടികളുടെയും, അധ്യാപകരുടെയും എണ്ണം എന്നീ മാനദണ്ഡങ്ങൾ ബാധകമാക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>പുതിയ സി.ബി.എസ്.ഇ. സ്കൂളുകൾ</u>

4339 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര സി.ബി.എസ്.ഇ. സ്കൂളുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ എത്ര സി.ബി.എസ്.ഇ. സ്കൂളുകളുടെ അനുമതിക്കായുള്ള അപേക്ഷകൾ സർക്കാർ പരിശോധിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണം ഇതിനകം പരിഗണിച്ചെന്ന് വിശദമാക്കാമോ;

(ഡി) സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ
ആദായകരമല്ലാത്ത സ്കൂളുകൾ</u>

4340 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ആദായകരമല്ലാത്ത എത്ര സ്കൂളുകൾ ഉണ്ട്;

(ബി) പ്രസ്തുത സ്കൂളുകളുടെ പേരും എൽ.പി, യു.പി, എച്ച്.എസ്. എന്നിവ തിരിച്ചും ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്കൂളുകൾ അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

അധ്യാപക - വിദ്യാർത്ഥി അനുപാതം

4341 ശ്രീ. കെ.എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിൽ അധ്യാപക-വിദ്യാർത്ഥി അനുപാതം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) അധ്യാപക-വിദ്യർത്ഥി അനുപാതം 1:30 ആക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്ന് മുതൽ എന്ന് വ്യക്തമാക്കുമോ;

(സി) നിലവിലെ അധ്യാപക-വിദ്യാർത്ഥി അനുപാതത്തിലുള്ള വലിയ അന്തരം കാര്യക്ഷമമായ അധ്യാപനത്തിന് ഭംഗം വരുത്തുന്നത് ഒഴിവാക്കുവാൻ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുവാൻ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ വിദ്യാർത്ഥി - അദ്ധ്യാപക അനുപാതം</u>

4342 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക- വിദ്യാർത്ഥി അനുപാതം എത്രയാണ്;

(ബി) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം എത്രയാണ്;

(സി) സർക്കാർ സ്കൂളുകളിലെയും എയ്ഡഡ് സ്കൂളുകളിലെയും അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം വ്യത്യസ്തമാകാനിടയായ സാഹചര്യം വിശദീകരിക്കാമോ ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം</u>

4343 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസാവകാശ നിയമമനുസരിച്ച് സ്കൂളുകളിൽ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:30, 1:35 എന്ന ക്രമത്തിൽ നടപ്പിലാക്കേണ്ടതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ സ്കൂളുകളിൽ പ്രസ്തുത അനുപാതം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ഡി) നടപ്പ് അദ്ധ്യയനവർഷം മുതൽ ഓരോ സ്കൂളിനെയും ഒരു യൂണിറ്റായി പരിഗണിച്ച് 1:30, 1:35 എന്ന അനുപാതത്തിൽ സർക്കാർ സ്കൂളുകൾക്കും വിദ്യാഭ്യാസാവകാശ നിയമപ്രകാരമുള്ള ഫിക്സേഷൻ ബാധകമാക്കുമോ;

(ഇ) അധികം വരുന്ന അദ്ധ്യാപകരെ സർക്കാർ സ്കൂളുകളിൽ തന്നെ നിലനിർത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ സ്റ്റഫ് ഫിക്സേഷൻ

4344 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; സ്റ്റാഫ് ഫിക്സേഷനു ശേഷം അധികമുള്ളതായി കണ്ടെത്തിയിട്ടുള്ള അധ്യാപക തസ്തികകളുടെ എണ്ണം എയ്ഡഡ്/സർക്കാർ സ്കൂളുകളുടെ അടിസ്ഥാനത്തിൽ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) സ്റ്റാഫ് ഫിക്സേഷൻ കണക്കാക്കുന്നതിന് സ്വീകരിച്ച അധ്യാപക :വിദ്യാർത്ഥി അനുപാതം എത്ര വീതമാണ് എന്ന് സർക്കാർ/എയ്ഡഡ് സ്കൂളുകൾ തിരിച്ച് വ്യക്തമാക്കാമോ;

(സി) സർക്കാർ സ്കൂളുകളിൽ അധ്യാപക വിദ്യാർത്ഥി അനുപാതം 1:45 ആക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ; എയ്ഡഡ് സ്കൂളുകളിൽ അനുപാതം എത്രയാണ്; ഇതിനുള്ള കാരണം എന്താണ്; സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ സ്റ്റാഫ് ഫിക്സേഷനിൽ വ്യത്യസ്ത മാനദണ്ഡം പുലർത്താൻ കാരണമെന്ത്;

(ഡി) എയ്ഡഡ് സ്കൂളുകളിൽ അധികമായി കണ്ടെത്തിയിട്ടുള്ള അധ്യാപകരെ ടീച്ചേഴ്സ് ബാങ്കിലുൾപ്പെടുത്തി സർക്കാർ സ്കൂളുകളിലേക്ക് നിയമിക്കാറുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്ത്;

(ഇ) എയ്ഡഡ് സ്കൂളുകളിലെ അധികം വരുന്ന അധ്യാപകരെ സർക്കാർ സ്കൂളുകളിൽ നിയമിക്കുന്നതുമൂലം പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാർ സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി. മുഖേന മാത്രം നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

(എഫ്) സര്‍ക്കാര്‍/എയ്ഡഡ് സ്കൂളുകളിലെ അധ്യാപക : വിദ്യാര്‍ത്ഥി അനുപാതത്തില്‍ ഏകീകൃത നിയമം കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) എയ്ഡഡ് സ്കൂളുകളില്‍ വിദ്യാര്‍ത്ഥികളുടെ കുറവ് മൂലമുണ്ടാകുന്ന ട്രോണ്‍ഔട്ട് അധ്യാപകര്‍ക്ക് മറ്റ് എയ്ഡഡ് സ്കൂളുകളില്‍ തന്നെ പ്രൊട്ടക്ഷന്‍ നല്‍കുന്നതിനുള്ള എന്തൊക്കെ നടപടികള്‍ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സ്റ്റാഫ് ഫിക്സേഷൻ</u>

4345 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-11 നുശേഷം സർക്കാർ സ്കൂളുകളിൽ സ്റ്റാഫ് ഫിക്സേഷൻ നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) 2014-15 അധ്യയനവർഷത്തിൽ സ്റ്റാഫ് ഫിക്സേഷൻ നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ എപ്പോൾ നടത്തുമെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>അദ്ധ്യാപക തസ്തിക നിർണയം</u>

4346 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക തസ്തികകൾ നിർണയിക്കുന്നതിന് സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും വ്യത്യസ്ത രീതിയാണോ അവലംബിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും തസ്തികകൾ നിർണയിക്കുന്ന രീതി വിശദമാക്കാമോ;

(സി) തസ്തിക നിർണയിക്കുന്നതിന് എയ്ഡഡ് സ്കൂളുകളേക്കാൾ കൂടുതൽ കുട്ടികൾ വേണമെന്ന നിലപാട് മൂലം നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന പല സർക്കാർ സ്കൂളുകളിലും തസ്തികകൾ നഷ്ടപ്പെടുന്നതിനാൽ നിലവാരത്തകർച്ചയുണ്ടാവുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടി വിശദമാക്കാമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സർക്കാർ - എയ്ഡഡ് അദ്ധ്യാപക തസ്തിക നിർണ്ണയം</u>

4347 ശ്രീ. ഇ. ചന്ദ്രശേഖരൻ
'' കെ. അജിത്
'' ജി. എസ്. ജയലാൽ
'' വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ആകെ എത്ര അദ്ധ്യാപകരാണുള്ളതെന്ന് സർക്കാർ, എയ്ഡഡ് മേഖല തിരിച്ച് തസ്തിക അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) പുതിയ തസ്തിക നിർണ്ണയം പൂർത്തിയാക്കിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് തസ്തിക നിർണ്ണയം നടത്തിയതെന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത കണക്ക് പ്രകാരം നിലവിൽ അദ്ധ്യാപകരുടെ എണ്ണം കൂടുതലാണോ, ആണെങ്കിൽ കൂടുതലുള്ള അദ്ധ്യാപകരുടെ എണ്ണം തസ്തിക തിരിച്ചും ജില്ല തിരിച്ചും വ്യക്തമാക്കാമോ;

(ഡി) അധിക അദ്ധ്യാപകരുടെ പുനർ വിന്യാസത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ആറാം പ്രവൃത്തി ദിന കണക്കെടുപ്പ് പ്രകാരം സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ എണ്ണം</u>

4348 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2014-2015 അദ്ധ്യയനവർഷത്തെ ആറാം പ്രവർത്തി ദിന കണക്കെടുപ്പ് പ്രകാരം സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ ഓരോന്നിലും എത്ര കുട്ടികളുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇത് മുൻ അദ്ധ്യയന വർഷത്തെക്കാൾ കുറവാണോ എന്ന് വ്യക്തമാക്കാമോ;

(സി) തന്മൂലം എത്ര അദ്ധ്യാപക തസ്തികകൾ സർക്കാർ-എയ്ഡഡ് മേഖലകളിൽ ഇല്ലാതാകുമെന്ന് വിശദമാക്കാമോ;

(ഡി) ഇത് പ്രകാരം സർക്കാർ പ്രഖ്യാപിച്ച അദ്ധ്യാപക ബാങ്കിൽ എത്ര പേർ ഉണ്ടാകുമെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>സർക്കാർ - എയ്ഡഡ് വിദ്യാലയങ്ങളിലെ കുട്ടികളുടെ കുറവ്</u>

4349 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13, 2013-14, 2014-15 വർഷത്തെ സർക്കാർ-എയ്ഡഡ്, അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ കണക്കുകൾ വ്യക്തമാക്കുമോ;

(ബി) സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞതിന്റെ ഫലമായി എത്ര അദ്ധ്യാപക തസ്തികകളാണ് നഷ്ടപെടുന്നതെന്ന് വ്യക്തമാക്കാമോ; എൽ.പി, യു.പി, എച്ച്.എസ്.എ കണക്കുകൾ ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(സി) കുട്ടികളുടെ എണ്ണത്തിലുള്ള കുറവ്, കൊഴിഞ്ഞുപോക്ക് എന്നിവ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>ഏകാധ്യാപക വിദ്യാലയങ്ങളെ പ്രൈമറി സ്കൂളുകളായി ഉയർത്തൽ</u>

4350 ശ്രീ. കെ. അച്ചുതൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. മുരളീധരൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏകാധ്യാപക വിദ്യാലയങ്ങളെ പ്രൈമറി സ്കൂളുകളാക്കുക വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങളെന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇതിനുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംസ്ഥാനത്ത് എത്ര ഏകാധ്യാപക വിദ്യാലയങ്ങളാണ് ഇപ്രകാരം പ്രൈമറി സ്കൂളുകളാക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>ഇടുക്കി ജില്ലയിൽ അപ്ഗ്രേഡ് ചെയ്ത സ്കൂളുകൾ</u>

4351 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 16-11-2010-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം. 238/2010/പൊതുവിദ്യാഭ്യാസം പ്രകാരം ഇടുക്കി ജില്ലയിലെ ഗവ.യു.പി.എസ്. പാറത്തോട്, ഗവ. യു.പി.എസ്. വഞ്ചിവയൽ, ഗവ.യു.പി.എസ്. തങ്കമണി, ഗവ. എൽ.പി.എസ്. ഉടുമ്പൻചോല എന്നീ സ്കൂളുകൾ ആർ.എം.എസ്.എ. പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്തിട്ടുണ്ടോ ;

(ബി) 19-5-2011-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 114/2011/പൊതുവിദ്യാഭ്യാസം പ്രകാരം മേൽപ്പറഞ്ഞ സ്കൂളുകളിൽ ഏതൊക്കെ തസ്തികകൾ സൃഷ്ടിക്കാനാണ് അനുവാദം നൽകിയിരുന്നത് ; വിശദാംശം നൽകുമോ ;

(സി) മേൽപ്പറഞ്ഞ ഏതൊക്കെ സ്കൂളുകളിൽ ഏതൊക്കെ തസ്തിക സൃഷ്ടിച്ചു നൽകിയിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(ഡി) മേൽപ്പറഞ്ഞ സ്കൂളുകളിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ ;

(ഇ) സർക്കാർ ഉത്തരവ് നൽകിയിട്ടും തസ്തികകൾ സൃഷ്ടിക്കാതിരിക്കാൻ ഇടയായ സാഹചര്യം വിശദീകരിക്കുമോ ;

(എഫ്) പ്രസ്തുത സ്കൂളുകളിൽ അടിയന്തരമായി തസ്തികകൾ സൃഷ്ടിച്ച് ആവശ്യമായ സ്റ്റാഫുകളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ</u>
<u>എൽ. പി. എസ്.എ.മാരുടെ ഒഴിവുകൾ</u>

4352 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൽ. പി. സ്കൂൾ അസിസ്റ്റന്റു മാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റ് വന്ന ശേഷം ഉണ്ടായ ഒഴിവുകൾ എത്രയെന്നും ഓരോ ഒഴിവുകളും ഏത് തീയതി മുതലാണെന്നും വിശദമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകൾ യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ചെയ്ത തീയതി വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ഒഴിവുകൾ യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>എൽ.പി.എസ്.എ./യു.പി.എസ്.എ നിയമനം</u>

4353 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള എൽ.പി.എസ്.എ./യു.പി.എസ്.എ റാങ്ക്ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി; ഏതെല്ലാം ജില്ലകളിലാണ് റാങ്ക്ലിസ്റ്റ് നിലവിലുള്ളത്; ഓരോന്നിൽ നിന്നും നിയമനം നൽകിയവരുടെ വിശദാംശം നൽകാമോ;

(ബി) സർക്കാർ എൽ.പി./യു.പി. സ്കൂളുകളിലുണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കിയ സംസ്ഥാനം എന്ന നിലയിൽ അതിനനുസൃതമായി എന്തെല്ലാം മാറ്റങ്ങളാണ് പ്രസ്തുത മേഖലയിൽ വരുത്തിയതെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ സ്കൂളുകളിൽ ഉണ്ടാവുന്ന ഒഴിവുകൾ പി.എസ്.സി. ലിസ്റ്റിൽ നിന്നു മാത്രം നിയമനം നടത്തുന്നു എന്ന് ഉറപ്പുവരുത്തുമോ; അതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദീകരിക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>എയ്ഡഡ് സ്കൂൾ ഇംഗ്ലീഷ് തസ്തികയിൽ നിയമനാംഗീകാരം</u>

4354 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ഏപ്രിൽ മാസം മുതൽ എയ്ഡഡ് ഹൈസ്കൂൾ ഇംഗ്ലീഷ് തസ്തികയിൽ നിയമനാംഗീകാരത്തിനായി പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് എത്ര അപ്പീലുകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം കേസുകളിൽ എത്ര ഹിയറിംഗുകൾ നടത്തിയെന്നും എത്ര ഫയലുകളിൽ തീർപ്പുകൽപ്പിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) 36911/ഇ2/2013/ജിഇഡിഎൻ. എന്ന ഫയലിൽ ഹിയറിംഗ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഹിയറിംഗ് നടത്തിയത് എപ്പോഴാണ് എന്നും പ്രസ്തുത ഫയൽ തീർപ്പാക്കുന്നതിലുള്ള കാലതാമസത്തിന് കാരണമെന്തെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഫയൽ തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

എം. ജി. എൽ. സി. അദ്ധ്യാപകർക്കും ജീവനക്കാർക്കുമുള്ള മാസ ശമ്പളം

4355 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എം. ജി. എൽ. സി. (മൾട്ടി ഗ്രേസ് ലേണിംഗ് സെന്റർ)കളിൽ അദ്ധ്യാപകർക്കും ജീവനക്കാർക്കും നൽകുന്ന ശമ്പളം എത്രയാണെന്ന് വിശദമാക്കാമോ;

(ബി) ഈ തുക വർദ്ധിപ്പിച്ചു നൽകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരുടെ സ്ഥലം മാറ്റം</u>

4356 ശ്രീ. തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്
,, റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ പാക്കേജ് നടപ്പിലാക്കിയിട്ടും എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരുടെ സ്ഥലം മാറ്റങ്ങളിൽ ചില ഉദ്യോഗസ്ഥർ തർക്കങ്ങൾ ഉന്നയിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കേസ്സുകൾ പ്രത്യേകം പരിശോധിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ബി) ഡി. പി. ഐ. ഉൾപ്പെടെയുള്ള വിദ്യാഭ്യാസ വകുപ്പിലെ ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ കാലതാമസവും വിവേചനവും അവസാനിപ്പിക്കുവാൻ ശക്തമായ നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>എറണാകുളം ജില്ലയിലെ വിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസുകളിലെ ഒഴിവുകൾ</u>

4357 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിൽ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെയും എൽ. ഡി. ക്ലാർക്കുമാരുടെയും എൽ.ഡി ടൈപ്പിസ്റ്റുമാരുടെയും ഒഴിവുകൾ കൃത്യസമയത്ത് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ എപ്പോഴെങ്കിലും എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടോ;

(ബി) നാളിതുവരെ ഏതെങ്കിലും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതായിട്ടുണ്ടോ;

(സി) 2014 ആഗസ്റ്റ് 31 വരെ എത്ര ഒഴിവുകൾ ഉണ്ടാകാനിടയുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം; വിശദമാക്കുമോ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>അൺ - എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ</u>

4358 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺ-എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വെളിപ്പെടുത്താമോ;

(സി) എന്നു മുതൽ സേവന വേതന വ്യവസ്ഥകൾ നടപ്പിൽ വരുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സെറ്റ് പരീക്ഷ ഫലം പ്രസിദ്ധപ്പെടുത്താൻ നടപടി</u>

4359 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ഡിസംബറിലെ സെറ്റ് പരീക്ഷയുടെ ഫലം ഇത് വരെ പ്രസിദ്ധീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫലപ്രഖ്യാപനം വൈകുന്നത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ഫലം എത്രയും പെട്ടെന്ന് പ്രസിദ്ധപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>ഹയർസെക്കന്ററി സ്കൂളുകളിലെ പ്രവൃത്തി ദിവസം</u>

4360 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഹയർസെക്കന്ററി സ്കൂളുകളിൽ പ്രവൃത്തി ദിവസം അഞ്ചായി നിജപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത തീരുമാനം വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലേക്കും നടപ്പാക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ മലയാളം പഠനം</u>

4361 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

4362 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഹയർ സെക്കണ്ടറി കോഴ്സുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>പ്ലസ് ടു തലത്തിൽ തുല്യതാ പരീക്ഷ</u>

4363 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലസ് ടു തലത്തിലുള്ള തുല്യതാ വിദ്യാഭ്യാസ പരിപാടികൾ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത വിദ്യാഭ്യാസ പരിപാടിയുടെ ചുമതല സാക്ഷരതാ സെന്റർ കോ-ഓർഡിനേറ്റർമാരിൽ നിക്ഷിപ്തമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>പ്ലസ് ടുവിന് അധിക ബാച്ചുകൾ</u>

4364

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്ലസ് ടുവിന് അധിക ബാച്ചുകൾ അനുവദിച്ച് എന്നത്തേയ്ക്ക് പഠനം ആരംഭിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്പെഷ്യൽ റൂൾസ്</u>

4365 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വ കുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥരുടെ നിയമനം നടത്തുവാൻ ആവശ്യമായ സ്പെഷ്യൽ റൂൾസ് ഇതുവരെ ഉണ്ടാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ചട്ടങ്ങൾ നിർമ്മിക്കുവാൻ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത് ഹയർ സെക്കന്ററി സ്കൂളുകളിലെ അധ്യാപകരുടെ സീനിയോറിറ്റി</u>

4366 ശ്രീ. ജെയിംസ് മാത്യു.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രിൻസിപ്പൽ നിയമനത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ; പ്രസ്തുത നിയമനത്തിൽ സീനിയോറിറ്റിക്കുള്ള മാനദണ്ഡമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) 2010-ൽ സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത് ഹയർ സെക്കന്ററി സ്കൂളുകളിലെ അധ്യാപകരുടെ സർവ്വീസ് ചട്ടങ്ങളും നിയമനങ്ങളും പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് പി.എസ്.സി. അംഗീകാരം ലഭിക്കേണ്ടതുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത അധ്യാപകരുടെ സീനിയോറിറ്റിക്കും പ്രമോഷനും മാനദണ്ഡങ്ങൾ നിർണ്ണയിച്ചിട്ടുണ്ടോ; പ്രസ്തുത ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പൽ നിയമനത്തിനുള്ള സീനിയോറിറ്റി നിശ്ചയിക്കുന്ന മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററി വിഭാഗത്തിലെ ഹിസ്റ്ററി വിഷയത്തിലെ ഒഴിവുകൾ</u>

4367 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി വിഭാഗത്തിൽ ഹിസ്റ്ററി വിഷയത്തിൽ ജൂനിയർ ടീച്ചർ, സീനിയർ ടീച്ചർ എന്നിവരുടെ എത്ര ഒഴിവുകൾ വീതം നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഹിസ്റ്ററി വിഷയത്തിൽ എച്ച്. എസ്. എസ്. റ്റി. ജൂനിയർ, സീനിയർ വിഭാഗങ്ങളിലെ ഒഴിവുകൾ തസ്തിക മാറ്റം വഴി നികത്തുന്നതിനായി 1:3 അനുപാത പ്രകാരം മാറ്റി വെയ്ക്കപ്പെട്ടിട്ടുളള ഒഴിവുകൾ എത്ര വീതമാണെന്ന് വിശദമാക്കാമോ;

(സി) പി. എസ്. സി. നിയമന ശുപാർശ ലഭിക്കുന്നതിനായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും. നിയമന ശുപാർശ പ്രകാരം എത്ര പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>ഗസ്റ്റ് അദ്ധ്യാപകരുടെ ശമ്പളം</u>

4368 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 03.08.2011 ലെ ജി. ഒ (എം.എസ്.) നം 167/11/പൊതുവിദ്യാഭ്യാസം ഉത്തരവ് പ്രകാരം സംസ്ഥാനത്ത് അനുവദിക്കപ്പെട്ട 182 അധിക പ്ലസ് ടു ബാച്ചുകളിൽ നിയമിതരായ ഗസ്റ്റ് അദ്ധ്യാപകർക്ക് 2011 സെപ്തംബർ മുതൽ 2013 ആഗസ്റ്റ് വരെയുള്ള ശമ്പളം ലഭിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അധിക ബാച്ചുകളിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കാൻ അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് നൽകിയിരുന്നത് എന്നാണ്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) സർക്കാർ അനുമതി പ്രകാരം നിയമിക്കപ്പെട്ട ഗസ്റ്റ് അദ്ധ്യാപകർക്ക് ലഭിക്കേണ്ട ശമ്പളം വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനിടയായ സാഹചര്യം വിശദീകരിക്കാമോ;

(ഡി) ഇത്തരത്തിൽ നിയമിതരായിട്ടുള്ള ഗസ്റ്റ് അദ്ധ്യാപകർക്ക് അർഹമായ ശമ്പളം അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>ഹയർ സെക്കണ്ടറിതലത്തിൽ പുതിയ ബാച്ചുകൾ</u>

4369 ശ്രീ. സി.കെ നാണു
,, മാത്യൂ റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയ ബാച്ചുകൾ അനുവദിക്കുമ്പോൾ ഭാവി സാധ്യതകൾ കൂടി കണക്കിലെടുത്ത് പുതിയ വിഷയങ്ങൾ കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

2011-12-ൽ അനുവദിച്ച ഹയർ സെക്കണ്ടറി ബാച്ചുകൾ

4370 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **2011-12** അദ്ധ്യയന വർഷത്തിൽ അനുവദിച്ച ഹയർസെക്കണ്ടറി ബാച്ചുകൾ എത്ര എണ്ണമായിരുന്നു; പ്രസ്തുത സ്കൂളുകളിൽ എല്ലാം മാനദണ്ഡങ്ങൾ പ്രകാരമുള്ള തസ്തിക സൃഷ്ടിച്ചു നൽകിയിട്ടുണ്ടോ;

(ബി) ഇംഗ്ലീഷ് അദ്ധ്യാപകന്റെ തസ്തിക പല സ്കൂളുകളിലും സൃഷ്ടിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തസ്തിക സൃഷ്ടിക്കുന്നതിന് എന്തെങ്കിലും തടസം നിലനിൽക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>നായരങ്ങാടി, ചാലക്കുടി എം.ആർ. സ്കൂളുകളിൽ ഹയർ സെക്കന്ററിക്ക് അഡീഷണൽ ബാച്ച്</u>

4371 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിലുള്ള എം.ആർ. എസ്. നായരങ്ങാടിയിലും ചാലക്കുടിയിലും പുതിയ ഹയർ സെക്കന്ററി അഡീഷണൽ ബാച്ച് അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>വി.എച്ച്.എസ്.ഇ. പാഠ്യപദ്ധതി നവീകരണം</u>

4372 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, സി. പി. മുഹമ്മദ്
,, ഐ.സി. ബാലകൃഷ്ണൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വി.എച്ച്.എസ്.ഇ. പാഠ്യപദ്ധതി നവീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പാഠ്യപദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്രസഹായമാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നല്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>മഞ്ചേശ്വരം മണ്ഡലത്തിലെ സര്‍ക്കാര്‍ സ്കൂളുകളിലെ ഒഴിവുകള്‍</u>

4373 ശ്രീ. പി. ബി. അബ്ദുള്‍ റസാക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ വിവിധ സര്‍ക്കാര്‍ ഹൈസ്കൂള്‍, ഹയര്‍ സെക്കണ്ടറി, വൊക്കേഷണല്‍ ഹയര്‍ സെക്കണ്ടറി സ്കൂളുകളില്‍ നിലവില്‍ ഏതെല്ലാം തസ്തികകളില്‍ എത്ര ഒഴിവുകള്‍ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകള്‍ നികത്താന്‍ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>കോഴിക്കോട് ജില്ലയിൽ എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് നിയമനം</u>

4374 ശ്രീ. പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് നിയമനം എച്ച്.എസ്.എ. പ്രമോഷൻ വഴി ഉടൻ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ദീർഘകാലമായി പ്രസ്തുത നിയമനം നടക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) കോഴിക്കോട് ജില്ലയിലെ നിലവിലുള്ള എച്ച്.എസ്.എ. ഇംഗ്ലീഷ് റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നു വരെയാണെന്നും പ്രസ്തുത ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകി എന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം വൈകുന്നത് സ്റ്റാഫ് ഫിക്സേഷൻ ഓർഡർ നിലവിലില്ലാത്തതുമൂലമാണോയെന്ന് വ്യക്തമാക്കുമോ ; എങ്കിൽ സ്റ്റാഫ് ഫിക്സേഷൻ ഓർഡർ എന്നേയ്ക്ക് നിലവിൽ വരുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ഓലത്താന്നി വിക്ടറി വി.എച്ച്.എസ്.എസ്.</u>

4375 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ ഓലത്താന്നി വിക്ടറി വി.എച്ച്.എസ്.എസ്.-ൽ നിലവിലെ മാനേജർ ശ്രീമതി നിഷ എം. ആർ-ന് ചാർജ് നൽകിയ നടപടിക്ക് നെയ്യാറ്റിൻകര ഡി.ഇ.ഒ. അംഗീകാരം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ സ്കൂളിലെ ശ്രീമതി അനിതാ ജോസ് സീനിയർ മോസ്റ്റ് ചാർജ് വഹിക്കുന്നത് ഒഴിവാക്കാനായി റിലിങ്ക്വിഷ്മെന്റ് സ്റ്റേറ്റ്മെന്റ് മാനേജർക്ക് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) റിലിങ്ക്വിഷ്മെന്റ് നടത്തിയ ആൾക്ക് ചാർജ് നൽകാൻ ഡി.ഇ.ഒ. ക്ക് അധികാരമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) നിലവിൽ ടി സ്ഥാപനത്തിൽ 07.04.2014ൽ ടെസ്റ്റ് യോഗ്യത നേടിയ സീനിയർ അദ്ധ്യാപകരെ ഒഴിവാക്കിയാണോ ശ്രീമതി നിഷയ്ക്ക് മാനേജരായി നിയമനം നൽകിയത്. എങ്കിൽ അവരുടെ സീനിയോറിറ്റി സംബന്ധിച്ചും ഓരോരുത്തരും ടെസ്റ്റ് യോഗ്യത നേടിയ തീയതിയും വിശദീകരിക്കാമോ; ഇതിൽ ആരെങ്കിലും റിലിങ്ക്വിഷ്മെന്റ് നൽകിയിട്ടുണ്ടോ;

(ഇ) ഈ വിഷയത്തിൽ ബഹു. വിദ്യാഭ്യാസ മന്ത്രി ഡി.ഇ.ഒ.ക്ക് നൽകിയ നിർദ്ദേശം പാലിച്ചിട്ടുണ്ടോ; ബഹു. മന്ത്രിയുടെ ഉത്തരവിൻ പ്രകാരം ഡി.ഇ.ഒ. സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(എഫ്) ശ്രീമതി അനിതാജോസിന്റെ റിലിങ്ക്വിഷ്മെന്റ് പ്രൊപ്പോസൽ അംഗീകരിക്കേണ്ടത് ആരാണ്; പ്രസ്തുത പ്രൊപ്പോസൽ മാനേജർ നിയമന ഉത്തരവിനോടൊപ്പം നൽകിയിട്ടും ബഹു. മന്ത്രിയുടെ ഉത്തരവ് ഉണ്ടായിട്ടും നിസാര കാരണങ്ങൾ നിരത്തി അംഗീകാരം നീട്ടി

ക്കൊണ്ട് പോകുന്ന ഡി. ഇ. ഒ. യുടെ നടപടിയെക്കുറിച്ച് അന്വേഷിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതിന് സർക്കാർ തയ്യാറാകുമോ;

(ജി) 07.04.2014-ൽ ശ്രീമതി നിഷ എം. ആർ-ന് ടീച്ചർ ഇൻ-ചാർജ്ജ് നൽകിയതിന്റെ അംഗീകാരത്തിനായി മാനേജർ നൽകിയ പ്രൊപ്പോസലിന് ഡി. ഇ. ഒ. എന്നാണ് മാനേജർക്ക് മറുപടി നൽകിയത്; മറുപടി നൽകുന്നതിന് കാലതാമസം വന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(എച്ച്) നിലവിൽ ഹെഡ്മിസ്ട്രസ്സ് നിയമനം ഡി. ഇ. ഒ. അംഗീകരിച്ച് നൽകുവാൻ സ്കൂൾ മാനേജർ ഇനി എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടതെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>എറണാകുളം ജില്ലയിലെ പ്ലസ്‌വൺ സീറ്റുകൾ</u>

4376 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ പ്ലസ്‌വൺ പഠനത്തിന് സർക്കാർ-എയ്ഡഡ് മേഖലയിൽ ആകെ എത്ര സീറ്റുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എറണാകുളം ജില്ലയിൽ കഴിഞ്ഞ അഞ്ചുവർഷക്കാലമായി പ്ലസ് വൺ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഓരോ വർഷത്തിലും ഏതൊക്കെ സ്കൂളുകളിലാണ് പ്ലസ് വൺ സീറ്റുകൾ ഒഴിഞ്ഞു കിടന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

## സാക്ഷരതാ പ്രേരക്മാർക്ക് ശമ്പളവർദ്ധനവ്

4377 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റ് പ്രഖ്യാപനപ്രകാരം സാക്ഷരതാ പ്രേരക്മാർക്ക് എത്ര ശതമാനം തുക വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്;

(ബി) ഇരുപത് വർഷം പ്രവർത്തനം നടത്തിയിട്ടുള്ള പ്രേരക്മാരെ സ്ഥിരം ജീവനക്കാരായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രേരക്മാർക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; സാക്ഷരതാ പ്രവർത്തനങ്ങൾ അവലോകനം ചെയ്യേണ്ട ജനറൽ കൗൺസിൽ അവസാനമായി യോഗം ചേർന്നത് എന്നാണ്; ഈ സർക്കാരിന്റെ കാലയളവിൽ കൗൺസിൽ എത്ര പ്രാവശ്യം യോഗം ചേർന്നിരുന്നു;

(ഡി) സാക്ഷരതാ പ്രേരക്മാർക്ക് മിനിമം വേതനം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സംരംഭകത്വ പദ്ധതി ആർട്സ് ആന്റ് സയൻസ്</u>
<u>കോളേജുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി</u>

4378 ശ്രീ. ബെന്നി ബെഹനാൻ
,, കെ. അച്ചുതൻ
,, ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള സംരംഭകത്വ പദ്ധതിയും മറ്റ് ക്രിയാത്മക പ്രവർത്തനങ്ങളും ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് ഇതിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>എല്ലാ മണ്ഡലങ്ങളിലും കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടി</u>

4379 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയ്ഡഡ് മേഖലയിൽ കോളേജുകളില്ലാത്ത മണ്ഡലങ്ങളിൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടി ഏതു വരെയായെന്ന് വ്യക്തമാക്കുമോ;

(ബി) എത്രയിടങ്ങളിൽ സർക്കാറിന് സ്ഥലം കൈമാറിയിട്ടുണ്ട്; അവ ഏതെല്ലാമാണ്;

(സി) എത്രയിടങ്ങളിൽ സ്പെഷ്യൽ ഓഫീസർമാരെ നിശ്ചയിച്ചിട്ടുണ്ട്; എവിടെയെല്ലാം; എത്രയിടങ്ങളിൽ കോളേജുകൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>പുതിയ ആര്‍ട്സ് ആന്റ് സയന്‍സ് കോളേജുകളിലെ തസ്തിക സൃഷ്ടിക്കല്‍</u>

4380

ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ പുതുതായി പ്രഖ്യാപിച്ച ഗവണ്‍മെന്റ് ആര്‍ട്സ് ആന്റ് സയന്‍സ് കോളേജുകള്‍ ഏതെല്ലാം മണ്ഡലങ്ങളില്‍ അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാം മണ്ഡലങ്ങളിലെ കോളേജുകളാണ് ഇതുവരെയായും അനുവദിക്കാത്തതെന്നും അതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ;

(സി) അനുവദിച്ച കോളേജുകളില്‍ അദ്ധ്യാപക - അനദ്ധ്യാപക തസ്തികകള്‍ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ടോ; പകര്‍പ്പ് ലഭ്യമാക്കുമോ;

(ഡി) തസ്തികകള്‍ പൂര്‍ണ്ണമായും അനുവദിക്കാത്ത കോളേജുകള്‍ ഏതെല്ലാമാണെന്നും ഏതെല്ലാം തസ്തികകളാണ് അനുവദിക്കാന്‍ ബാക്കിയുള്ളതെന്നും അറിയിക്കാമോ;

(ഇ) പ്രസ്തുത തസ്തികകള്‍ അനുവദിക്കാന്‍ നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>നെന്മാറ മണ്ഡലത്തിൽ ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിക്കുന്നതിനുള്ള നടപടി</u>

4381 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ വർഷം എത്ര ആർട്സ് ആന്റ് സയൻസ് കോളേജുകളാണ് അനുവദിച്ചത് എന്ന് വിശദമാക്കുമോ;

(ബി) ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിക്കുന്നത് സംബന്ധിച്ച മാനദണ്ഡം വിശദമാക്കുമോ;

(സി) നെന്മാറ നിയോജകമണ്ഡലത്തിലെ മുതലമട, കൊല്ലങ്കോട്, വടവന്നൂർ, പുതുനഗരം, കൊടുവായൂർ, പല്ലശ്ശന, എലവഞ്ചേരി എന്നീ പഞ്ചായത്തുകളിലെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ഉപരി പഠനത്തിന് സൗകര്യപ്രദമായി കൊല്ലങ്കോട് കേന്ദ്രമായി ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>പുതിയ ആർട്സ് & സയൻസ് കോളേജുകൾ</u>

4382 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സർക്കാർ ആർട്സ് & സയൻസ് കോളേജുകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) അനുവദിച്ച കോളേജുകളിൽ ഏതെല്ലാം കോഴ്സുകളുണ്ടെന്നും എത്ര വീതം സീറ്റുകളുണ്ടെന്നും വിശദമാക്കുമോ ;

(സി) പുതിയ കോളേജുകൾക്ക് എത്ര തുക ഏതെല്ലാം ആവശ്യങ്ങൾക്ക് അനുവദിച്ചുവെന്ന് കോളേജ് തിരിച്ചുള്ള വിവരം നൽകുമോ ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>പുതിയ കോളേജുകളിലെ അദ്ധ്യാപക - അനദ്ധ്യാപക നിയമനം</u>

4383 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആരംഭിച്ച പുതിയ ആർട്സ് & സയൻസ് കോളേജുകളിൽ ഏതെല്ലാം തസ്തികകൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ കോളേജുകളിൽ എത്ര വീതം അദ്ധ്യാപക ജീവനക്കാരെയും അനദ്ധ്യാപക ജീവനക്കാരെയും നിയമിച്ചുവെന്ന് കോളേജ് തരം തിരിച്ച് വിശദമാക്കുമോ;

(സി) അനദ്ധ്യാപക ജീവനക്കാരെ നിയമിക്കാത്ത കോളേജുകളിൽ ഇത്തരം ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>പുതിയതായി അനുവദിച്ച കോഴ്സുകൾക്ക് അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി</u>

4384 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം സംസ്ഥാനത്ത് സർക്കാർ കോളേജുകളിൽ എത്ര പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) അനുവദിച്ച കോഴ്സുകൾ കോളേജിന്റെ പേര് എന്നിവ വ്യക്തമാക്കുമോ;

(സി) അനുവദിച്ച കോഴ്സുകളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ഡി) സർക്കാർ കോളേജുകളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഇ) വിദ്യാർത്ഥികളുടെ പഠനത്തെ സാരമായി ബാധിക്കുന്നതിനാൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

ടൂറിസം ബിരുദകോഴ്സുകൾ

4385 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം ബിരുദ തലത്തിൽ ഐച്ഛിക വിഷയമെടുത്ത് പഠിക്കുവാൻ എവിടെയെല്ലാം സൗകര്യമുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പുതിയതായി സർക്കാർ മേഖലയിൽ അനുവദിച്ച ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ടൂറിസം ഡിഗ്രി കോഴ്സ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ടൂറിസം കോഴ്സുകൾ കൂടുതലായി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സ്വകാര്യ മാനേജ്മെന്റിന് ഉദ്യോഗസ്ഥരുടെ സർക്കാർ സർവ്വീസിലെ ഡെപ്യൂട്ടേഷൻ നിയമനം</u>

4386 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് കോളേജുകളിൽ ജോലിചെയ്യുന്നവർക്ക് ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ ഡെപ്യൂട്ടേഷൻ നിയമനം നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യമാനേജുമെന്റുകൾക്ക് കീഴിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെ സർക്കാർ ഓഫീസുകളിൽ ഡെപ്യൂട്ടേഷനിൽ നിയമിക്കുന്നത് നിയമാനുസൃതമാണോ; ഇതു സംബന്ധിച്ച് വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സ്വാശ്രയ വിജയ ശതമാനം കുറഞ്ഞ എഞ്ചിനിയറിംഗ് കോളേജുകൾ</u>

4387 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കഴിഞ്ഞ വർഷം 25 ശതമാനത്തിൽ താഴെ വിജയശതമാനമുള്ള എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുണ്ട്?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സ്വാശ്രയ മെഡിക്കൽ, എഞ്ചിനീയറിംഗ് ഫീസ്</u>

4388 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വാശ്രയ എഞ്ചിനീയറിംഗ് സീറ്റുകളിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നേടുന്ന കുട്ടികളുടെ ഫീസ് എത്രയായിരുന്നുവെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ഗവൺമെന്റ്-സ്വാശ്രയ - സഹകരണ-മാനേജ്മെന്റ് വിഭാഗത്തിലുള്ള എഞ്ചിനിയറിംഗ് കോളേജുകൾ</u>

4389 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതിയതായി ആരംഭിച്ചതുൾപ്പെടെ ഗവൺമെന്റ് - സ്വാശ്രയ-സഹകരണ - മാനേജ്മെന്റ് വിഭാഗത്തിൽ എത്ര എഞ്ചിനിയറിംഗ് കോളേജുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കോളേജുകളിൽ കഴിഞ്ഞ വർഷം ഒഴിഞ്ഞ് കിടന്ന മെരിറ്റ്-പേയ്മെന്റ് സീറ്റുകൾ എത്രയാണെന്ന് കോളേജുകളുടെ പേരു സഹിതം വിശദമാക്കുമോ;

(സി) കേരളത്തിൽ പുതിയതായി എത്ര എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് എൻ. ഒ. സിക്ക് അപേക്ഷ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) മെറിറ്റ്-പെയ്മെന്റ് സീറ്റുകൾ ഒഴിഞ്ഞുകിടന്ന ഏതെല്ലാം ട്രേഡുകളിലാണെന്ന് അറിയിക്കാമോ?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സി-ആപ്റ്റിലെ ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം</u>

4390 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി-ആപ്റ്റ്)ലെ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുന്നതിന് ഗവേണിംഗ് ബോഡി തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് തീരുമാനമെടുത്തത് ; വ്യക്തമാക്കുമോ ;

(സി) ആയതിന്മേൽ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) നിലവിൽ ബന്ധപ്പെട്ട ഫയൽ ആരുടെ പക്കലാണെന്നും ആയതിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ ;

(ഇ) പരിഷ്ക്കരിച്ച ശമ്പളം എന്നുമുതൽ നൽകിതുടങ്ങും എന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

രാഷ്ട്രീയ ഉച്ചതാർശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം ഡിഗ്രി കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ

4391 ശ്രീ. കെ. എൻ.എ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളം യു.ജി. സി. യ്ക്ക് സമർപ്പിച്ച പദ്ധതി പ്രകാരം രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ പദ്ധതിയിൽ 4 മോഡൽ ഡിഗ്രി കോളേജുകൾ ഉൾപ്പെടുത്തിയിരുന്നോ;

(ബി) കാസർകോഡ്, മലപ്പുറം, വയനാട്, പാലക്കാട് ജില്ലകളിലായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന കോളേജുകൾ 'റൂസ' യുടെ പ്രോജക്ട് അപ്രൂവൽ ബോർഡു റദ്ദാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഉന്നത വിദ്യാഭ്യാസ കൗൺസിലുകൾ ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഈ മോഡൽ കോളേജുകൾ കേരളത്തിൽ തന്നെ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സയൻസ് സിറ്റി</u>

4392 ശ്രീ. എം. പി. വിൻസെന്റ്
,, സണ്ണി ജോസഫ്
,, ഐ. സി. ബാലകൃഷ്ണൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സയൻസ്സിറ്റി സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനുള്ള ധനം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>കേരള സയൻസ് സിറ്റി നിർമ്മാണ പ്രവർത്തനം</u>

4393 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടുതുരുത്തി നിയോജക മണ്ഡലത്തിൽ കുറുവിലങ്ങാട് സ്ഥാപിക്കുന്ന കേരള സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഇപ്പോൾ എന്തെല്ലാമാണ് ആരംഭിച്ചിട്ടുള്ളത് ; ഇതിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട കുറവിലങ്ങാട് കേന്ദ്രമായി കൃഷി വകുപ്പ് അനുവദിച്ച 30 ഏക്കർ സ്ഥലം കേരളാ സയൻസ് സിറ്റിയുടെ എന്തെല്ലാം പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് വിനിയോഗിക്കുന്നത് ; ഇതുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കേരള സയൻസ് സിറ്റിയുടെ ഒന്നാം ഘട്ടം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്; ഇതിനുവേണ്ടി സംസ്ഥാന സർക്കാർ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; കേന്ദ്രസർക്കാർ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

(ഡി) കേരള സയൻസ് സിറ്റിയുടെ രണ്ടാം ഘട്ടത്തിൽ എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കുന്നത്; ഇതിന് ആവശ്യമായ കേന്ദ്ര സംസ്ഥാന വിഹിതം എത്ര വീതമാണ്; ഇത് ഇപ്പോൾ അനുവദിച്ച് കിട്ടിയിട്ടുണ്ടോ;

(ഇ) കേരള സയൻസ് സിറ്റയിൽ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(എഫ്) കേരളാ സയൻസ് സിറ്റിയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി മാറ്റാനും നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീയാക്കാനും പ്രധാനപ്പെട്ട ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി സർക്കാർ മേൽനോട്ടത്തിൽ ഒരു മോണിട്ടറിംഗ് സെൽ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

(ജി) സയൻസ് സിറ്റിയുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന വകുപ്പുകളും പ്രധാന ഉദ്യോഗസ്ഥരും ആരൊക്കെയാണ്;

(എച്ച്) വിദ്യാഭ്യാസ പുരോഗതിക്കും ശാസ്ത്ര വിജ്ഞാനത്തിനും ഉപകരിക്കുന്ന ഏതെങ്കിലും കോഴ്സുകൾ കേരള സയൻസ് സിറ്റിയിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഉപകരിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് ഇവിടെ നടപ്പാക്കുന്നത്; ഇത് സംബന്ധിച്ച് നയം വ്യക്തമാക്കാമോ;

(ഐ) കേരള സയൻസ് സിറ്റിയുടെ നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഭാവിപ്രവർത്തനങ്ങളുടെ രൂപരേഖ ചർച്ചചെയ്യുന്നതിനും ബന്ധപ്പെട്ട ജനപ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ഉന്നതതല യോഗം വിളിച്ചു ചേർക്കുവാൻ നടപടി സ്വീകരിക്കുമോ;ഇത് എന്നത്തേയ്ക്ക് നടത്തുവാൻ കഴിയുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

## സി. ഡി. ടി.പി സ്കീമിലൂടെ പോളിടെക്നിക്കുകളുടെ നിലവാരം ഉയർത്താനുള്ള പദ്ധതികൾ

4394 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി ഡവലപ്മെന്റ് പോളിടെക്നിക് സ്കീം പ്രകാരം സംസ്ഥാനത്തെ പോളിടെക്നിക്കുകളുടെ നിലവാരം ഉയർത്തുന്നതിനായി എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് നടപ്പിൽ വരുത്തിയത്; അതിനായി എത്ര തുക ചെലവഴിച്ചു;

(ബി) സി. ഡി. ടി. പി. സ്കീമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേക്കായി എത്ര തുക കേന്ദ്ര സഹായം ലഭിച്ചു; അതുപയോഗിച്ച് നൂതനങ്ങളായ എന്തെല്ലാം പദ്ധതികൾ പോളിടെക്നിക് വിദ്യാഭ്യാസ മേഖലയിൽ നടപ്പിൽ വരുത്തി; വിശദാംശം ലഭ്യമാക്കാമോ;

(സി) ഗ്രാമീണ വിദ്യാർത്ഥികളുടെ ഉന്നത പഠനത്തിനായി ആശ്രയിക്കുന്ന പോളിടെക്നിക്കുകൾ ഇല്ലാത്ത അസംബ്ലി മണ്ഡലങ്ങൾ ഏതെല്ലാമാണെന്ന് പറയാമോ; പ്രസ്തുത മണ്ഡലങ്ങളിൽ പോളിടെക്നിക്കുകൾ സ്ഥാപിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദാംശം നൽകാമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>പുതിയ പോളിടെക്നിക്കുകൾ</u>

4395 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ പുതിയ പോളിടെക്നിക്കുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പോളിടെക്നിക്കുകളാണ് ആരംഭിക്കുന്നതെന്നും എവിടെയെല്ലാമാണ് ആരംഭിക്കുന്നതെന്നും അറിയിക്കുമോ;

(ബി) ടെക്നിക്കൽ ഹൈസ്കൂളുകളെ പോളിടെക്നിക്കുകളായി അപ്ഗ്രേഡ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ടെക്നിക്കൽ ഹൈസ്കൂളുകളെയാണ് അപ്ഗ്രേഡ് ചെയ്യുന്നത്;

(സി) പുതിയ പോളിടെക്നിക്കുകൾക്ക് എ. ഐ. സി. റ്റി. ഇ. അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) എ. ഐ. സി. റ്റി. ഇ. അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ ഏത് അക്കാദമിക് വർഷം മുതൽ വിദ്യാർത്ഥി പ്രവേശനം ആരംഭിക്കുമെന്ന് അറിയിക്കുമോ; ഇതിനായി സ്പെഷ്യൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ;

(ഇ) പുതിയ പോളിടെക്നിക്കുകൾക്ക് വേണ്ട സ്ഥലസൗകര്യമടക്കമുള്ള ഭൗതികസാഹചര്യങ്ങൾ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) പുതിയ പോളിടെക്നിക്കുകൾക്കായി സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ, ട്രസ്റ്റുകൾ തുടങ്ങി ഏതെല്ലാം ഏജൻസികളുടെ അപേക്ഷകൾ പരിഗണനയിലുണ്ട്;

(ജി) ഈ വർഷം ഏതെങ്കിലും ഏജൻസികൾക്ക് പുതിയ പോളിടെക്നിക്കുകൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>മഞ്ചേരിയിൽ പോളിടെക്നിക് ആരംഭിക്കുന്നതിനുള്ള നടപടി</u>

4396 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ പോളിടെക്നിക് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) നിലവിൽ പരിഗണനയിലുള്ള പുതിയ പോളിടെക്നിക്കുകൾ ഏതെല്ലാമാണ്;

(സി) മഞ്ചേരി പോളിടെക്നിക്ക് ഈ വർഷം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>പെരിന്തൽമണ്ണ പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ</u>

4397 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പെരിന്തൽമണ്ണ പോളിടെക്നിക്കിൽ അടുത്ത അദ്ധ്യയന വർഷാരംഭത്തിൽ തന്നെ പുതിയതായി ആരംഭിക്കുന്ന കോഴ്സുകളിൽ അഡ്മിഷൻ നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

കീഴൂര്‍ ഗവണ്‍മെന്റ് പോളിടെക്നിക്ക് കോളേജില്‍ ട്രാന്‍സ്ഫോര്‍മര്‍ സ്ഥാപിക്കുന്നതിനുള്ള നടപടി

4398 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കുന്നംകുളം കീഴൂര്‍ ഗവണ്‍മെന്റ് പോളിടെക്നിക്ക് കോളേജില്‍ 250 കെ. വി. എ ട്രാന്‍സ്ഫോര്‍മര്‍ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ടെക്നിക്കല്‍ എജ്യുക്കേഷന്‍ ഡയറക്ടറുടെ ആഫീസില്‍ നിലവിലുള്ള ഡി4/45069/13 നമ്പര്‍ ഫയലിലെ നടപടിക്രമങ്ങള്‍ ഏതു ഘട്ടത്തിലാണ്;

(ബി) എത്ര രൂപയുടെ പ്രവൃത്തിക്കാണ് ഭരണാനുമതി നല്‍കിയിട്ടുളളത്; പ്രസ്തുത ഉത്തരവിന്റെ പകര്‍പ്പ് ലഭ്യമാക്കാമോ;

(സി) ഭരണാനുമതി നല്‍കിയിട്ടും ട്രാന്‍സ്ഫോര്‍മര്‍ സ്ഥാപിക്കുന്നതിന് കാലതാമസം വരാന്‍ എന്താണ് കാരണം; വിശദാംശം വ്യക്തമാക്കാമോ;

(ഡി) 2009-ല്‍ ഭരണാനുമതി ലഭിച്ച പ്രവൃത്തി പൂര്‍ത്തീകരിച്ച അക്കാഡമിക് ബ്ലോക്ക്, ഓഡിറ്റോറിയം, മെറ്റീരിയല്‍ ടെസ്റ്റിംഗ് ലാബ് തുടങ്ങിയ കെട്ടിടങ്ങള്‍ വൈദ്യുതി ലഭ്യമല്ലാത്തതിനാല്‍ തുറന്നു പ്രവര്‍ത്തിപ്പിക്കാന്‍ കഴിയുന്നില്ല എന്നതു കണക്കിലെടുത്ത് കഴിവതും വേഗത്തില്‍ ട്രാന്‍സ്ഫോര്‍മര്‍ സ്ഥാപിച്ച് വൈദ്യുതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കില്‍ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>പയ്യന്നൂർ ഗവ. റസിഡൻഷ്യൽ വിമെൻസ് പോളിടെക്നിക് കോളേജിൽ സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സ്</u>

4399 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ ഗവ. റസിഡൻഷ്യൽ വിമെൻസ് പോളിടെക്നിക് കോളേജിൽ പുതിയതായി ഡിപ്ലോമോ കോഴ്സ് ആരംഭിക്കുവാനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത അപേക്ഷ പരിഗണിച്ച് സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമോ കോഴ്സ് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ടെക്നിക്കൽ സ്കൂളുകളിലെ ബോധനമാധ്യമവും ഭരണഭാഷയും</u>

4400 ശ്രീ. രാജു എബ്രഹാം
'' എ. പ്രദീപ്കുമാർ
'' കെ. ദാസൻ
'' സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ടെക്നിക്കൽ സ്കൂളുകളിലെ ബോധനമാധ്യമവും ഭരണഭാഷയും ഇംഗ്ലീഷ് ആക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളുകളിൽ അസംബ്ലി ഇംഗ്ലീഷിൽ നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനായി സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം അസംബ്ലിക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>കുളത്തൂർ ടെക്നിക്കിൽ സ്കൂൾ സൂപ്രണ്ടിനെതിരായ അച്ചടക്ക നടപടി</u>

4401 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തില കുളത്തൂർ ടെക്നിക്കൽ സ്കൂൾ സൂപ്രണ്ടിനെ അച്ചടക്ക നടപടിയുടെ ഭാഗമായി സ്ഥലം മാറ്റിക്കൊണ്ട് ഉത്തരവ് നൽകിയത് എന്നാണ്;

(ബി) സ്കൂൾ സൂപ്രണ്ട് എന്നാണ് പ്രസ്തുത ഉത്തരവിനെതിരെ കോടതിയെ സമീപിച്ചത് എന്ന് വ്യക്തമാക്കുമോ;

(സി) സ്ഥലമാറ്റ ഉത്തരവനുസരിച്ച് റിലീവ് ചെയ്യുന്നതിന് ഉണ്ടായ കാലതാമസം വ്യക്തമാക്കാമോ; ഉത്തരവു തീയതി മുതൽ ബഹു. കോടതി ഉത്തരവ് വരുന്നതുവരെ സ്കൂൾ സൂപ്രണ്ടിനെ ഡയറക്ടർ റിലീവ് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഇത് സംബന്ധിച്ച് ഡയറക്ടർ ബഹു.കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) ഡയറക്ടർ ഇറക്കിയ പ്രസ്തുത സ്ഥലമാറ്റം ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; ഇല്ലെങ്കിൽ സ്ഥലമാറ്റ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(എഫ്) കുളത്തൂർ ടെക്നിക്കൽ സ്കൂൾ സൂപ്രണ്ടിനെ മാറ്റിക്കൊണ്ട് ഇറക്കിയ ഉത്തരവ് പ്രകാരം ആർക്കെങ്കിലും ചാർജ് നൽകിയിട്ടുണ്ടോ; സ്ഥലം മാറ്റ ഉത്തരവ് നൽകിയിട്ടും ജീവനക്കാരനെ റിലീവ് ചെയ്യിക്കാത്ത ഡയറക്ടർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

## ടെക്നിക്കൽ സ്കൂൾ അധികാരികൾക്കെതിരെയുള്ള വകുപ്പുതല നടപടി

4402 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളത്തൂർ ഗവൺമെന്റ് കോളേജിന്റെ ഉദ്ഘാടന ചടങ്ങ് അട്ടിമാറിക്കുന്നതിന് കൂട്ടു നിന്ന കുളത്തൂർ ടെക്നിക്കൽ സ്കൂൾ അധികാരികൾക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് സ്ഥലം എം.എൽ.എ നൽകിയ രണ്ട് പരാതികളുടെ പകർപ്പും, അതിൻമേൽ നടത്തിയ അന്വേഷണത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശവും ലഭ്യമാക്കുമോ;

(ബി) വകുപ്പ് മന്ത്രിയെ വകുപ്പ് സെക്രട്ടറി മുഖേന സഭയിൽ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ റിപ്പോർട്ട് തയ്യാറാക്കിയവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് കാണിച്ച് 30.01.2014 -ൽ മന്ത്രിക്ക് നൽകിയ കുറിപ്പിൻമേൽ വകുപ്പ് നടത്തിയ അന്വേഷണത്തിന്റേയും നടപടിയുടേയും പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിനുവേണ്ടി സ്ഥലമെടുപ്പ്</u>

4403 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് സങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലുള്ള 46049/ഡി4/2012 എന്ന ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സ്ഥലം ഏറ്റെടുക്കാത്തതുമൂലം ടെക്നിക്കൽ സ്കൂളിന്റെ കെട്ടിടനിർമ്മാണത്തിന് അനുവദിച്ച ഫണ്ട് ലാപ്സായി പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച് ഉണ്ടായിട്ടുള്ള തടസ്സങ്ങൾ എന്താണെന്നും ഇതിന് ഡയറക്ടറേറ്റ് നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ;

(ഡി) സ്ഥലമേറ്റെടുപ്പ് നീണ്ടുപോകുന്നത് പരിഹരിക്കാൻ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഇ) സ്ഥലം എടുക്കുന്നതു സംബന്ധിച്ച് നെഗോഷിയേഷൻ നടത്തുന്നതിന് എത്ര ഭൂവുടമകൾ തയ്യാറായി വന്നിട്ടുണ്ടെന്നും ഇവരുമായി ചർച്ച നടത്തിയിട്ടുണ്ടോയെന്നും അറിയിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം; ഇതിന്റെ പൊതു തീരുമാനം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>പിണറായി ഐ. എച്ച്. ആർ. ഡി. കോളേജിന്
കെട്ടിടം നിർമ്മിക്കാൻ നടപടി</u>

4404 ശ്രീ. കെ.കെ നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിണറായി ഐ. എച്ച്. ആർ. ഡി. കോളേജിന്റെ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന് എന്തെല്ലാം തടസ്സങ്ങളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കെട്ടിടം നിർമ്മിക്കുന്നതിന്റെ തടസ്സങ്ങൾ നീക്കി കിട്ടുന്നതിന് വേണ്ടി ഐ. എച്ച്. ആർ. ഡി. എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>സീമാറ്റ് - കേരളയ്ക്ക് സർവ്വകലാശാല പദവി</u>

4405 ശ്രീ. ജോസഫ് വാഴക്കൻ
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സീമാറ്റ് - കേരളയെ സർവ്വകലാശാല പദവിയിലേക്ക് ഉയർത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പൊതുവിദ്യാഭ്യാസം, ആസൂത്രണം, മാനേജ്മെന്റ്, ഭരണ നിർവ്വഹണം എന്നീ മേഖലകളിൽ എന്തെല്ലാം മാറ്റങ്ങളാണ് പദ്ധതിമൂലം ഉണ്ടാകുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>മലയാളം സർവ്വകലാശാലയുടെ പ്രവർത്തനം</u>

4406 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മലയാളം സർവ്വകലാശാലയുടെ പ്രവർത്തന പുരോഗതി സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) സർവ്വകലാശാലയുടെ പ്രവർത്തന പുരോഗതി തൃപ്തികരമാണോ;

(സി) സർവ്വകലാശാലയുടെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുളളത് എന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>കേരള സര്‍വ്വകലാശാലയിലെ കോളേജുകളില്‍ ഡിഗ്രി പ്രവേശനം</u>

4407 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള സര്‍വ്വകലാശാലയില്‍ ഈ വര്‍ഷത്തെ ഡിഗ്രിപ്രവേശനത്തിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കേരള സര്‍വ്വകലാശാലയുടെ കീഴിലുള്ള കോളേജുകളില്‍ ഡിഗ്രിക്ക് ആകെ എത്ര സീറ്റുകളാണ് നിലവിലുള്ളത്;

(സി) കോളേജുകളുടെ അടിസ്ഥാനത്തില്‍ ബാച്ചുകളും സീറ്റുകളും എത്ര വീതമെന്ന് പ്രത്യേകം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>എം.ജി സർവ്വകലാശാലയുടെ കീഴിലുള്ള</u>
<u>അൺ - എയ്ഡഡ് കോളേജുകൾ</u>

4408 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന അൺ - എയ്ഡഡ് കോളേജുകൾ ഏതൊക്കെയെന്ന് മെഡിക്കൽ എഞ്ചിനിയറിംഗ് ആർട്സ് ആന്റ് സയൻസ് എന്നിവ തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) അൺ എയ്ഡഡ് കോളേജുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ;

(സി) അൺ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾ ആരംഭിക്കുന്നതിന് നിഷ്കർഷിച്ചിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മഹാത്മാഗാന്ധി സർവ്വകലാശാലയിൽ എത്ര അൺ എയ്ഡഡ് കോളേജുകളാണ് ആരംഭിച്ചതെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

കേരള യൂണിവേഴ്സിറ്റി നേരിട്ട് നടത്തുന്ന ബി.എഡ്. സെന്ററുകൾ നിർത്തലാക്കുന്നത് തടയുന്നതിനുള്ള നടപടികൾ

4409 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വകലാശാലകൾ നടത്തുന്ന എത്ര ബി.എഡ്. സെന്ററുകളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന ബി.എഡ്. സെന്ററുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ സെന്ററുകൾക്ക് എൻ.സി.റ്റി.ഇ. (നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ)യുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എൻ.സി.റ്റി.ഇ.യുടെ അംഗീകാരം ലഭ്യമായിട്ടില്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഇ) ഈ സെന്ററുകൾക്ക് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(എഫ്) കേരള യൂണിവേഴ്സിറ്റി സെന്റർ ഫോർ ടീച്ചർ എഡ്യൂക്കേഷൻ നിർത്തലാക്കുന്നതിന് യൂണിവേഴ്സിറ്റി തീരുമാനമെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ജി) കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന ബി.എഡ്. സെന്ററുകൾ നിർത്തലാക്കുന്നതിന് സർവ്വകലാശാലാ തലത്തിൽ തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ഈ സെന്ററുകൾ നിർത്തലാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ അനുമതിക്കായി യൂണിവേഴ്സിറ്റി നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

(ഐ) ഈ ബി.എഡ്. സെന്ററുകൾ നിർത്തലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ജെ) കേരള യൂണിവേഴ്സിറ്റി നേരിട്ട് നടത്തുന്ന ബി.എഡ് സെന്ററുകൾ നിർത്തലാക്കുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ; നിർത്തലാക്കുന്ന തീരുമാനം അടിയന്തരമായി പിൻവലിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് സർവ്വകലാശാല ടീച്ചർ എഡ്യൂക്കേഷൻ സെന്ററിലെ</u>
<u>ഒ.ബി.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്</u>

4410 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാലയിലെ ടീച്ചർ എഡ്യൂക്കേഷൻ സെന്ററിലെ ഒ.ബി.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>പയ്യന്നൂർ എൻ.സി.സി ബറ്റാലിയന് സ്വന്തം കെട്ടിടം</u>

T4411 ശ്രീ. ടി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ പ്രവർത്തിക്കുന്ന എൻ. സി.സി ബറ്റാലിയന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?